2 പരീക്ഷയെ നേരിടാൻ
3 നിത്യതയെ നഷ്ടമാക്കരുത്
4 ആരെ അനുകരിക്കണം
7 കാഴ്ചയ്ക്കപ്പുറം
8 വാർത്തകൾ

ക്രിസ്ത്യൻ വേൾഡ്
Christian world
ക്രൈസ്തവ മാധ്യമം

2017 ഫെബ്രുവരി 1 | വാല്യം 12 | ലക്കം 2 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8

**അമേരിക്കയുടെ ദിശാമാറ്റം ലോകരാജ്യങ്ങളുടെ രാഷ്ട്രീയ – സാമ്പത്തികരംഗത്ത് പുത്തൻ സമവാക്യങ്ങൾ രചിക്കുമ്പോൾ സങ്കീർണമാകുന്ന പുത്തൻ ലോകഭ്രമം**

# അമേരിക്കയിൽ ട്രംപുയുഗം



തോമസ് തോന്നയ്ക്കൽ

അമേരിക്കയുടെ നാൽപത്തഞ്ചാമതു പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരമേറ്റതോടെ ട്രംപിസത്തിനു തുടക്കമായി. ഇനി വരാനിരിക്കുന്നത് ട്രംപേരിക്കയുടെ ദിനങ്ങൾ.

'അമേരിക്കയുടെ വീണ്ടെടുപ്പ്' എന്നാണ് ട്രംപേരിക്ക വിശേഷപ്പിക്കപ്പെടുന്നത്. അമേരിക്കയുടെ മത-വംശീയ സ്വത്വം വീണ്ടെടുക്കുക എന്ന ആശയമാണ് ഇക്കൂട്ടർ ഉയർത്തുന്നത്. അമേരിക്കയെ ഒന്നാമതാക്കുമെന്നും പഴയപ്രതാപത്തിലേക്കു മടക്കിക്കൊണ്ടുപോകുമെന്നും ട്രംപ് പ്രഖ്യാപിച്ചു. തൊഴിലും സമ്പത്തും സ്വപ്നങ്ങളും തിരിച്ചുപിടിച്ച് അമേരിക്കയെ ഒന്നാമതാക്കുക -മഹത്തരമാക്കുക. ആ മഹത്വത്തിലേക്കുള്ള പാത ദുർഘടമല്ലാതാക്കാൻ അതിർത്തികൾ അടയ്ക്കും. സ്വതന്ത്രവ്യാപാരം നിർത്തലാക്കും, വിദേശനയം പുനർനിർവചിക്കും, നികുതികൾ പുനഃക്രമീകരിക്കും. ഈ പ്രഖ്യാപിതനയങ്ങൾ നടപ്പാക്കാനുള്ള തിടുക്കത്തിലാണ് ട്രംപ്. വിവാദമായ ഒബാമ കെയർ പദ്ധതി പിൻവലിക്കയും വൈറ്റ്ഹൗസ് വെബ്സൈറ്റിൽ നിന്നും സ്വവർഗാനുരാഗികളുടെ അവകാശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ഒഴിവാക്കുകയും ചെയ്തുകൊണ്ട് ട്രംപ് കർമരംഗത്ത്.

യാഥാസ്ഥിതികത്വവും വംശീയതയും സമ്പന്നപക്ഷപാതിത്വവും യുദ്ധോത്സുകതയും സ്ത്രീവിരുദ്ധതയുമൊക്കെയാണ് ട്രംപിസമെന്നു വിശേഷിപ്പിക്കുന്നവർ ട്രംപ് വിരുദ്ധ സമരവുമായി തെരുവിലിറങ്ങിയിരിക്കയാണ്. അമേരിക്കയിലെ അഞ്ഞൂറോളം ചെറുതും വലുതുമായ നഗരങ്ങളിൽ മാത്രമല്ല, യൂറോപ്പിലും ഏഷ്യയിലും പ്രതിഷേധങ്ങൾ പടരുമ്പോൾ ട്രംപേരിക്ക ലോകത്തിനു നൽകുന്നത് അശാന്തിയുടെ ദിനങ്ങൾ. ട്രംപിന്റെ കാലത്ത് മൂന്നാം ലോകമഹായുദ്ധത്തെക്കുറിച്ച് ആശങ്കപ്പെടുന്നവരുണ്ട്. അതേസമയം അമേരിക്കയിലെ ക്രൈസ്തവ സഭാവിഭാഗങ്ങൾ ട്രംപിന്റെ സ്ഥാനലബ്ധിയിൽ ആഹ്ലാദിക്കുന്നവരാണ്. സുവിശേഷവിഹിത മുന്നേറ്റത്തിനും ക്രിസ്ത്യൻ സംസ്കൃതിയുടെ വ്യാപനത്തിനും ട്രംപ് പിന്തുണയ്ക്കുന്നു.

അമേരിക്കയുടെ ദിശാമാറ്റം ലോകരാഷ്ട്രീയത്തിൽ പുത്തൻ സമവാക്യങ്ങൾ എഴുതിച്ചേർക്കും. അധികാരം ദൈവികമാണ്. അമേരിക്കയ്ക്കും ലോകത്തിനും വേണ്ടി നമുക്കു പ്രാർഥിക്കാം.



അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ സഭാ അഖിലേന്ത്യ ജനറൽ സെക്രട്ടറിയും ഡിസ്ട്രിക്ട് സൂപ്രണ്ടുമായ പാസ്റ്റർ ടി.ജെ സാമുവൽ ഉദ്ഘാനം ചെയ്യുന്നു. പാസ്റ്റർമാരായ ജോസ് തോമസ്, എം.എ ഫിലിപ്പ്, എ.രാജൻ, തോമസ് ഫിലിപ്പ്, പി.എസ് ഫിലിപ്പ്, രാജൻ ഏബ്രഹാം, ടി.കെ കോശി വൈദ്യൻ, ഐസക് ചെറിയാൻ, ടി. മത്തായിക്കുട്ടി, കെ.ജെ മാത്യു തുടങ്ങിയവർ സമീപം

**അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ സമാപിച്ചു**

# വിശ്വാസികൾ ആത്മമഴയ്ക്കായി കാത്തിരിക്കണം: പാസ്റ്റർ ടി.ജെ സാമുവൽ

**പുനലൂർ:** പ്രകൃതി മഴയ്ക്കായി കാത്തിരിക്കുന്നതുപോലെ വിശ്വാസികൾ ആത്മമഴയ്ക്കായി കാത്തിരിക്കണം എന്നും സമൂഹത്തെ ചൈതന്യമാക്കാൻ കഴിയുന്ന ജീവിതത്തിന്റെ ഉടമകളായിരിക്കണമെന്നും അസംബ്ലീസ് ഓഫ് ഗോഡ് അഖിലേന്ത്യ ജനറൽ സെക്രട്ടറിയും മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ടുമായ പാസ്റ്റർ ടി.ജെ സാമുവൽ പറഞ്ഞു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് വാർഷിക ജനറൽ കൺവൻഷനിൽ സംയുക്ത സഭായോഗത്തിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ഓരോ വിശ്വാസിയും നവീകരണത്തിന് ഒരുക്കപ്പെട്ട മനസോടെ എപ്പോഴും ജീവിക്കണമെന്നും അങ്ങനെയുള്ളവർക്കുമാത്രമേ സമൂഹത്തിൽ മാതൃകപരമായ ദൈവീക പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുവാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം തുടർന്നു. അധാർമ്മികത, കുടുംബ തകർച്ച, ഭീകരപ്രവർത്തനം, മതവിദ്വേഷം, പീഡനങ്ങൾ, അസമാധാനം, അസഹിഷ്ണത, മദ്യപാനം തുടങ്ങിയവ സമൂഹത്തെ നശിപ്പിക്കുകയും സമാധാനാന്തരീക്ഷം ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം മനുഷ്യനിൽ കുടികൊള്ളുന്ന പാപത്തിൽനിന്നും ഉത്ഭവിക്കുന്നതാണ്. ഇവയിൽനിന്നുള്ള വിടുതൽ വ്യക്തികൾക്കും സമൂഹത്തിനും ആവശ്യമാണ്. അത് സാധിക്കുവാൻ സ്വയശക്തിയാൽ കഴിയുകയില്ലെന്നും ദൈവശക്തി മാത്രമേ പരിഹാരമാവുകയുള്ളൂവെന്നും അദ്ദേഹം പ്രസ്താവിച്ചു. യഥാർത്ഥ ക്രിസ്തുശിഷ്യർ മാറ്റത്തിന്റെ വക്താക്കളാകണം. അങ്ങനെ സംഭവിക്കുമ്പോൾ സമൂഹത്തെ സകല തിന്മകളിൽനിന്നും മോചിപ്പിക്കുവാൻ കഴിയും എന്നും പാസ്റ്റർ ടി.ജെ സാമുവൽ പ്രസ്താവിച്ചു. തിരുവനന്തപുരം മുതൽ ത്രിശ്ശൂർ വരെയുള്ള അൻപത്തിമൂന്ന് സെക്ഷനുകളിൽ നിന്നായി പതിനയ്യായിരത്തോളം പേർ സംയുക്ത സഭായോഗത്തിൽ സംബന്ധിച്ചു. പുനലൂർ എ.ജി കൺവൻഷൻ ഗ്രൗണ്ടിൽ ജനുവരി 22 ഞായറാഴ്ചയാണ് സംയുക്ത സഭായോഗം നടന്നത്. പാസ്റ്റർ തോമസ് ഫിലിപ്പ് സങ്കീർത്തന പ്രഭാഷണം നടത്തി. പാസ്റ്റർ പാപ്പി മത്തായി മുഖ്യ സന്ദേശം നൽകി. പാസ്റ്റർ പി.എസ്. ഫിലിപ്പ് തിരുവത്താഴ ശുശ്രൂഷയിൽ സന്ദേശം നൽകി. പാസ്റ്റർമാരായ ഐസക് വി. മാത്യു, കെ.ജെ. മാത്യു, എ. രാജൻ, എം.എ. ഫിലിപ്പ്, ജോസ് തോമസ്, രാജൻ ഏബ്രഹാം, കെ.വൈ വിൽഫ്രഡ് രാജ്, ടി.കെ കോശി വൈദ്യൻ, ഐസക് ചെറിയാൻ, ജോയി ജോസഫ്, രാജൻ ജോർജ്, പ്രസാദ് കോശി, പി.വി. ജോസഫ്, ബാബു ഇമ്മാനുവൽ,

(ശേഷം പേജ് 6)


# ആത്മവീര്യത്തോടെ പരീക്ഷയെ നേരിടാൻ

ഡഗ്ളസ് ജോസഫ്

വീണ്ടുമൊരു പരീക്ഷാക്കാലം ആഗതമായി. വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും ഉറക്കമില്ലാത്ത രാത്രികൾ സമ്മാനിച്ചുകൊണ്ട് സിബിഎസ്ഇ, ഐസിഎസ്ഇ, വിവിധ സ്റ്റേറ്റ് ബോർഡുകൾ ഇവയുടെ പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ ഫൈനൽ ബോർഡ് എക്സാം തീയതികൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ശാസ്ത്രീയമായി എങ്ങനെ പരീക്ഷകൾക്കു തയ്യാറെടുക്കാം? പരീക്ഷാപ്പേടിയും ടെൻഷനും ഒഴിവാക്കി ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതി ഉന്നതവിജയം എങ്ങനെ കരസ്ഥമാക്കാം? ചില വിദ്യാർഥികൾ വളരെ കഷ്ടപ്പെട്ട് പഠിക്കുന്നെങ്കിലും റിസൽട്ടുവരുമ്പോൾ മാർക്ക് തീരെ കുറവ്. എന്നാൽ, കുറച്ചുസമയം മാത്രം പഠിക്കുന്ന ചിലർ ഉയർന്ന ഗ്രേഡുകൾ നേടുന്നു. എന്താണിങ്ങനെ? എന്നതിന് ഉത്തരം വിദ്യാർഥികളുടെ ബൗദ്ധികനിലവാരം വ്യത്യസ്തമാണ് എന്നാണ്.

### ദൈവാശ്രയവും പ്രാർഥനയും

ഏതു വിജയത്തിനു പിന്നിലും ദൈവാനുഗ്രഹം അത്യന്താപേക്ഷിതമാണ്. ആത്മീയാന്തരീക്ഷവും പ്രാർഥനയുമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കു പരീക്ഷാഭയം, അനാവശ്യപരിഭ്രാന്തി എന്നിവ ഇല്ലായിരിക്കും. പരീക്ഷയ്ക്കു തയ്യാറാകുന്ന



കുട്ടികൾ നന്നായി പ്രാർഥിക്കണം.

### നേരത്തെ തുടങ്ങുക

ചില വിദ്യാർഥികളുണ്ട്, പരീക്ഷയുടെ തലേന്നു വാരിവലിച്ച് പഠിക്കാൻ ശ്രമിക്കും. നേരത്തെ പഠിക്കാൻ തുടങ്ങുക. 'പയ്യെ തിന്നാൽ പനയും തിന്നാം' എന്നല്ലേ ചൊല്ല്. പരീക്ഷയുടെ തൊട്ടുമുൻപ് ഒരുവർഷത്തെ മുഴുവൻ പാഠഭാഗങ്ങളും ഒരുമിച്ചു പഠിക്കുന്നത് നമ്മുടെ തലച്ചോറിനു താങ്ങാനാവില്ല. ഇപ്രകാരം പഠിച്ചാൽ പരീക്ഷാവേളയിൽ മറന്നുപോകാൻ സാധ്യത കൂടുതലാണ്.

### പരീക്ഷയ്ക്കൊരു ടൈംടേബിൾ

പരീക്ഷ ആരംഭിക്കുന്നതിനു രണ്ടുമാസം മുൻപായി ഒരു റിവിഷൻ ടൈംടേബിൾ തയ്യാറാക്കണം. കൂടുതൽ പ്രയാസമുള്ള വിഷയങ്ങൾക്ക് അധികസമയം നൽകണം. ഒരു വർഷത്തെ പാഠഭാഗങ്ങൾ മുഴുവൻ റിവൈസ് ചെയ്യാനാവശ്യമായ സമയം ക്രമീകരിക്കണം.



**ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.**

### ഗ്രൂപ്പ് സ്റ്റഡി

വളരെ ഫലപ്രദമായ ഒരു പരീക്ഷാ തയ്യാറെടുപ്പു രീതിയാണ് വിദ്യാർഥികൾ ഒന്നുചേർന്ന് പഠിക്കുക എന്നത്. നാട്ടിൽ പലയിടത്തും ഇത്തരം രാത്രികാല സ്റ്റഡി സർക്കിളുകൾ സ്കൂളുകളുടെ നേതൃത്വത്തിലും ചില ട്യൂഷൻ അധ്യാപകരുടെ നേതൃത്വത്തിലും വിജയകരമായി നടന്നുവരുന്നു. പരസ്പരം സംശയങ്ങൾ തീർക്കാനും സഹപാഠികൾക്കു പറഞ്ഞുകൊടുക്കുന്നതിലൂടെ പാഠഭാഗങ്ങൾ മനസ്സിലുറപ്പിക്കാനും സാധിക്കുന്നു. പീയർ ടീച്ചിങ് എന്ന ഏറ്റവും നല്ല പഠനരീതിയാണ് ഗ്രൂപ്പ് സ്റ്റഡിയിലൂടെ സാധ്യമാകുന്നത്.

### ബുള്ളറ്റ് പോയിന്റ് നോട്ട്സുകൾ

പഠിക്കുന്ന പാഠഭാഗങ്ങളുടെ പ്രധാനപോയിന്റുകൾ ഒരു സ്റ്റിക്കി നോട്ട് പേപ്പറിലോ ഫ്ളാഷ് കാർഡിലോ ബുള്ളറ്റ്

**പരീക്ഷയുടെ തൊട്ടുമുൻപ് ഒരുവർഷത്തെ മുഴുവൻ പാഠഭാഗങ്ങളും ഒരുമിച്ചു പഠിക്കുന്നത് നമ്മുടെ തലച്ചോറിനു താങ്ങാനാവില്ല. ഇപ്രകാരം പഠിച്ചാൽ പരീക്ഷാവേളയിൽ മറന്നു പോകാൻ സാധ്യത കൂടുതലാണ്.**




പോയിന്റായി എഴുതിവയ്ക്കുന്നത് പരീക്ഷയ്ക്കു മുൻപ് അവസാനവട്ട റിവിഷനു സഹായകരമാകും. ഇങ്ങനെ പോയിന്റുകൾ കുറിച്ചുവയ്ക്കുന്നത് ഓർമശക്തി കൂട്ടാനും പ്രധാനകാര്യങ്ങൾ വിട്ടുപോകാതെ പരീക്ഷയിൽ എഴുതാനും സഹായിക്കും. സോഷ്യൽ മീഡിയയ്ക്കും ഇന്റർനെറ്റിനും വിട. വാട്ട്സാപ്പാലും ഫെയ്സ്ബുക്കിലും ചാറ്റ്ചെയ്തും ഗെയിംസ് കളിച്ചും സമയംകളയുന്ന കുട്ടികളുടെ സംഖ്യ കൂടിവരുന്നു. വീടുകളിൽ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള സംഘർഷത്തിനും മുഖ്യകാരണം ഇതാണ്. പരീക്ഷയ്ക്കു തയ്യാറെടുക്കുന്ന കുട്ടികൾ സോഷ്യൽ മീഡിയകളും ഗെയിമുകളും ഒഴിവാക്കണം. ഇത്തിരിനേരം വായന, പിന്നെ സോഷ്യൽമീഡിയ ഉപയോഗം, പിന്നെയും വായന ഇങ്ങനെ ചെയ്യുന്നതിലൂടെ ബ്രെയിനു വലിയ സ്ട്രെസ് കൊടുക്കുന്നതു പഠനത്തെ ബാധിക്കും.

### പഠനസമയം

മനുഷ്യബ്രെയിൻ ഏറ്റവും മികച്ചതായി പ്രവർത്തിക്കുന്നത് രാവിലെ 5–8 വരെയും വൈകുന്നേരം 7–11 വരെയും ആണെന്ന് ശാസ്ത്രപഠനങ്ങൾ പറയുന്നു. ചില വിദ്യാർഥികൾ ഒറ്റയിരുപ്പിന് ഒന്നു രണ്ടും മണിക്കൂർ പഠിക്കാറുണ്ട്. ഇതു ശരിയായ രീതിയല്ല. ഓരോ അരമണിക്കൂർ പഠനശേഷവും അല്പം നടക്കയോ ലഘുവായി എന്തെങ്കിലും കഴിക്കുകയോ ആകാം.

### ആവശ്യത്തിന് ഉറക്കം

കൗമാരപ്രായത്തിലുള്ള കുട്ടികൾ കുറഞ്ഞത് എട്ടുമണിക്കൂർ ഉറങ്ങണം. ചില വിദ്യാർഥികൾ പരീക്ഷയുടെ തലേന്ന് ഉറക്കമിളച്ച് പഠിക്കുകയും അടുത്തദിവസം പരീക്ഷാഹോളിൽ ഇരുന്ന് ഉറക്കംതൂങ്ങുന്നതും ഈ ലേഖകൻ കണ്ടിട്ടുണ്ട്.



ക്കാനോ, പ്രധാനകാര്യങ്ങൾ വിട്ടുപോകാനോ, എഴുതാനോ സഹായിക്കുന്നതല്ല.

### ശരിയായ ഭക്ഷണം

പരീക്ഷാകാലയളവിൽ ജങ്ക് ഫുഡുകൾ, കോളകൾ, ദഹിക്കാൻ പ്രയാസമുള്ള ഭക്ഷണം തുടങ്ങിയവ ഒഴിവാക്കണം. വാരിവലിച്ചു തിന്നുന്ന സ്വഭാവമുള്ള കുട്ടികൾ പലരും പരീക്ഷാദിവസങ്ങളിൽ വയറിനു സുഖമില്ലാതെ ഹോസ്പിറ്റലിലായ സംഭവങ്ങളുണ്ട്. ശരീരത്തിനാവശ്യമായ ഊർജം നൽകുന്ന ഭക്ഷണങ്ങൾ കഴിക്കണം. അമിത കൊഴുപ്പ് ഒഴിവാക്കണം. പച്ചക്കറികൾ, പഴങ്ങൾ ഇവ നല്ലതാണ്.

### വീട്ടിലെ അന്തരീക്ഷം

കുട്ടികളിൽ പരീക്ഷാപ്പേടി ഉണ്ടാക്കുന്നതിൽ പല മാതാപിതാക്കളും മുൻപിലാണ്. പരീക്ഷയെപ്പറ്റി അതിശയോക്തികലർത്തി പറഞ്ഞും പരീക്ഷയിൽ എ ഗ്രേഡ് എല്ലാ വിഷയത്തിനും കിട്ടിയില്ലെങ്കിൽ ഭൂമി അവസാനിക്കുമെന്നുമുള്ള രീതിയിലാണ് സംസാരം. ഇത് കുട്ടികളുടെ ഉള്ള ആത്മവിശ്വാസത്തെ കെടുത്തി ടെൻഷൻ കൂട്ടി പരീക്ഷയിലെ പ്രകടനം മോശമാക്കാനേ ഇടയാക്കൂ. പരീക്ഷ ജീവിതത്തിന്റെ അവസാനമല്ലെന്നും ജീവിതത്തിലെ ഒരു നാഴികക്കല്ലുമാത്രമാണെന്നും കുട്ടികളെ ബോധ്യപ്പെടുത്തുക. അവരുടെ കഴിവിനു ഉപരിയായുള്ള അമിത പ്രതീക്ഷകൾ വച്ചുപുലർത്തി,



ആ ഉന്നതവിജയം നേടാനായി സമ്മർദം ചെലുത്തരുത്. "പരീക്ഷയിൽ എ ഗ്രേഡ് ഇല്ലെങ്കിൽ കോളേജിൽ നല്ല കോഴ്സുകൾക്ക് അഡ്മിഷൻ നോക്കേണ്ടതില്ലെന്നും വല്ല കൽപണിക്കും പൊയ്ക്കൊള്ളാനും" പറയുന്നതു കേട്ടിട്ടുണ്ട്. ഇത്തരം സംസാരം മാതാപിതാക്കളും മുതിർന്നവരും അധ്യാപകരും ഒഴിവാക്കണം. കുട്ടികളിലെ ആത്മവിശ്വാസം വളർത്തണം. ശാന്തമായി പഠിക്കാനുള്ള അന്തരീക്ഷം കുടുംബത്തിൽ ഒരുക്കണം. ഉന്നതവിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

(ലേഖകൻ സ്കൂൾ, കോളേജ് തലങ്ങളിൽ ഇന്ത്യ, മാലിദ്വീപ്, യുഎഇ എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു. ഇപ്പോൾ ഫുജൈറ, ജെയ്സ് ഔർ ഓൺ ഇംഗ്ലീഷ് സ്കൂൾ അധ്യാപകനാണ്. വിദ്യാഭ്യാസം, കൗമാര വിഷയങ്ങൾ ഇവയിൽ ലേഖനങ്ങൾ എഴുതിവരുന്നു).

**EDITORIAL BOARD**

Managing Editor : Viju Ambattu
Editor : Kunjumon Pothancode
Circulation Manager : Reji P. Paul Ph. 9447598535

മാസികയിലേക്ക് രചനകൾ അയയ്ക്കേണ്ട വിലാസം:
Christian World
P.B.No. 5., Puthuppally
Kottayam 686011
Email:christianworld2006@gmail.com
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വാർഷിക വരിസംഖ്യ 120 രൂപ

വരിസംഖ്യ അയക്കേണ്ട വിലാസം
Sam T. Mukathala
Christian World, Alummoodu P.O.,
Kollam- 691 577, Kerala
Ac No: 0272073000000210
The South Indian Bank, Christian World, Perumpuzha Br.
IFSC Code:SIBL0000272

# നിത്യതയെ നഷ്ടമാക്കരുത്...

ബ്ലസ്സൻ ചെറിയനാട്

**സുവിശേഷം ശൃംങ്കാരവും ലാസ്യവും ഹാസ്യവും ചേർത്ത് അവതരിപ്പിക്കണ്ടതല്ല. വചനത്തിന്റെ ബഹു നിശ്ചയത്തോടും ആത്മാവിന്റെ ശക്തിയോടും വേണം അവതരിപ്പിക്കാൻ.**

വളരെ വികാരപരമായി പ്രതികരണങ്ങൾ കണ്ടും കേട്ടും ഇരിക്കുന്ന സമയം ആണ് ഇപ്പോൾ. പ്രസംഗവേദികളിൽ കേൾക്കപ്പെടുന്ന ശബ്ദങ്ങൾ വിമർശനങ്ങളായും അവയും അവയുടെ ഉടമകളും വിമർശിക്കപ്പെടുന്നതായും നാം കാണുന്നു. അസഹിഷ്ണതയുടെ അടയാളങ്ങളായി അവ മാറുന്നുവോ എന്നും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ക്രിയാത്മക വിമർശനങ്ങൾ സ്വാഗതം ചെയ്യപ്പെടേണ്ടതും അവ ഉന്നയിക്കുന്നവർ വിമർശിക്കപ്പെടുമെന്നും തിരിച്ചറിയുകയും വേണം.

കഴിഞ്ഞ നാല് പതിറ്റാണ്ടുകളോളം, ഏകദേശം നല്ല ഭാഗവും പാഴ്സനേജുകളിൽ ജീവിതം ചിലവഴിച്ച ഒരു വ്യക്തി എന്ന നിലയിൽ നിരവധി അനുഭവങ്ങൾ എനിക്കുണ്ട്. ഞാൻ ജനിക്കും മുൻപേ എന്റെ പിതാവ് സഭാചാർജ് ഉള്ള ഒരു ശുശ്രുഷകൻ ആയിരുന്നു. സത്ഉദ്ദേശപരമായ പ്രഭാഷണങ്ങളും പ്രസംഗകളും ഉപദേശങ്ങളും ക്ലാസ്സുകളും ഞാൻ കേട്ടിട്ടുണ്ട്. ആരെയും മുറിവേൽപ്പിക്കാത്ത തിരുത്തലുകളും തർജ്ജനങ്ങളും വാത്സല്യപൂർവ്വം പകരപെടുന്നതും അവയെ വളരെ തുറന്ന മനസ്സോടെ ജനം സ്വീകരിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. അവയിൽ ആളുകൾ തിരുത്തപ്പെടുകയും കണ്ണുനീരോടെ തീരുമാനങ്ങളിൽ എത്തുകയും ചെയ്യുന്നതും ദർശിച്ചിട്ടുണ്ട്. വ്യക്തിഹത്യയോ നിലവാരരഹിതമായ ഭാഷയോ ഒന്നും അതിനായി ഉപയോഗിക്കപ്പെട്ടിട്ടില്ല. എന്നാൽ കേൾവിക്കാരിൽ അനുതാപവും കണ്ണുനീരും മനസാന്തരവും ഉണ്ടായിട്ടുണ്ട്. ജാതിയെയോ മതത്തെയോ കുറ്റം പറഞ്ഞോ പരിഹസിച്ചോ നടത്തപ്പെട്ട ഒരു സുവിശേഷയോഗങ്ങളും നന്നായി പരിണമിക്കയോ ഗുണകരമായി ഭവിക്കയോ ചെയ്തിട്ടില്ല. സുവിശേഷം അതിന്റെ നിർമലതയോടെ പ്രസംഗിക്കപ്പെടുന്നിടത്തു ആണ് മാനസാന്തരം ഉണ്ടാകുന്നത്. സുവിശേഷത്തിനു ഒരു നിർമലതയുണ്ട്, പവിത്രതയുണ്ട്. അതിനെ അവതരിപ്പിക്കുന്നതും സംശുദ്ധമായ ഭാഷയിലും ആശയത്തിലും വേണം. സഭ്യമായ ഭാഷയിൽ അസഭ്യം പറഞ്ഞാൽ അത് സുവിശേഷം ആകുമോ? അതിനു മുതിർന്ന പല സൂപ്പർ പ്രസംഗകരും വേദികളിൽ നിന്നും തുടച്ചു മാറ്റപ്പെട്ട് പണിയില്ലാതെ വീട്ടിൽ ഇരിക്കുന്നു. അത് ജനം ചെയ്തതല്ല, സ്വതവേ സംഭവിച്ചതാണ്. അതും സുവിശേഷത്തിന്റെ ശക്തിയാണ്.

ഒരുപാടു കരഞ്ഞുപ്രാത്ഥിച്ചും കഷ്ടപെട്ടും ഒരു പൊതുമീറ്റിംഗ് സംഘടിപ്പിക്കുന്ന ഒരു പാസ്റ്റർക്കും സഭക്കും ഉള്ള ബുദ്ധിമുട്ടു ഇവർ പലരും ഗണിക്കാതെയാണ് ഈവിധം സംഭാഷിക്കുന്നത്. ഇവർ പോയി കഴിയുമ്പോൾ സഭയിൽ നടക്കുന്ന കോളിളക്കങ്ങൾ കാരണം പ്രോഗ്രാം ചെയ്യേണ്ടിയിരുന്നില്ല എന്നും ചിന്തിക്കുന്ന അവസരങ്ങളും വിരളമല്ല. വിമർശനാസ്വാദകർ ഈ വിധ ആഭാസങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു നന്മ കാണാനോ ജനം നന്നാവാനോ ആഗ്രഹിക്കുന്നതിനാൽ അല്ല, ഗതികേടുകൊണ്ടും അജ്ഞതകൊണ്ടും ആണ് എന്നുള്ളത് സത്യം. ഞാൻ മാത്രം ശരി ബാക്കി എല്ലാവരും മോശം എന്ന നമ്മുടെ സാധാരണ വിചാരവും കാരണം ആണെന്ന് കൂട്ടിക്കോ. അവതാരകർ ആത്മരോഷപ്രകടനാവസരം ആത്മാർഥമായി ഉപയോഗിച്ച് സ്വാർത്ഥലാഭാർത്ഥം ഏറിയ വ്യക്തിബന്ധങ്ങൾ ഉണ്ടാക്കുക മാത്രമാണ് ചെയ്യുന്നത്. വിഘടന സ്വഭാവം ഉള്ള ആത്മീയ തീവ്രവാദികളും വിദൂഷകന്മാരും ഇവരുടെ ഇരയായി മാറുന്നു. അവരെ വ്യക്തിപരമായി പ്രോത്സാഹിപ്പിക്കുക നിമിത്തം അവരിൽ മിക്കവരും അനാവശ്യമായി പ്രതികരിക്കുകയും മനസുകൊണ്ട് സഭയോട് അകലുകയും സഭയിൽ ഭിന്നത ഉണ്ടാകുകയും ചെയ്യാറും ഉണ്ട്. ഇങ്ങനെ അവർ സഭയിൽ ഒറ്റപ്പെടുമ്പോൾ അവരുടെ സ്ഥിര ഉപദേശകന്മാരായി ഈ വിമർശകപ്രഭാഷകന്മാർ വരുന്നു. അങ്ങനെ ദീർഘകാല സാമ്പത്തീക സ്രോതസുകളായി ഈ ഇരകളെ അവർ മാറ്റിയെടുക്കുന്നു.

സുവിശേഷം ശൃംങ്കാരവും ലാസ്യവും ഹാസ്യവും ചേർത്ത് അവതരിപ്പിക്കണ്ടതല്ല. വചനത്തിന്റെ ബഹു നിശ്ചയത്തോടും ആത്മാവിന്റെ ശക്തിയോടും വേണം അവതരിപ്പിക്കാൻ. പൊതുവേദിയിൽ ആകുന്നപക്ഷം അർത്ഥസൗന്ദര്യവും പ്രസന്നതയും യുക്തിഭദ്രതയും ഒക്കെ അതിനു അനിവാര്യം ആണുതാനും. കുത്തി പ്രസംഗിച്ചാലേ നന്നാവൂ, കുത്ത് കൊണ്ടവർ മനസാന്തരപ്പെടണം, അപ്പൊസ്തലന്മാരുടെ കാലത്തു അങ്ങനെ ആയിരുന്നു എന്നൊക്കെ പറയുമ്പോൾ, ഇന്ന് കുത്തുകൊണ്ടവർ മനസാന്തരപ്പെടുന്നുണ്ടോ, അതോ പുറത്തിറങ്ങി തിരിച്ചു കുത്തുന്നുവോ? അപ്പോൾ അവരെ കുത്തിയത് വചനമോ ആത്മാവോ ആണോ? ആയിരുന്നെങ്കിൽ അവർ മാനസാന്തരപ്പെടേണ്ടതല്ലേ? അല്ലാത്തപക്ഷം അവർ കേട്ടത് ആത്മരോഷത്തിന്റെ ആക്രോശങ്ങൾ ആയിരിക്കും. ദൈവസഭയെ തിരുത്തേണ്ടതും തർജ്ജനം ചെയേണ്ടതും സഭാശുശ്രുഷകന്മാരായ ഇടയന്മാരാണെന്നാണ് എന്റെ അറിവ്. ഞാൻ നടത്തുന്ന ജനത്തെ വചനം പഠിപ്പിക്കാൻ ഒരാളെ വിളിച്ചാൽ എന്റെ മുൻപിൽ വെച്ച് ഞാൻ ആയുസു ചിലവാക്കി ഒരുക്കിയെടുക്കുന്ന ജനത്തെയോ അഥവാ ജനത്തിന് മുൻപിൽ വെച്ച് അവരുടെ ഇടയനായ എന്നെയോ, പെന്തെക്കോസ്ത് ഭാഷയിൽ വെട്ടിയാലും കുത്തിയാലും സുഖിക്കുന്നവരോ സഹിക്കുന്നവരോ ഉണ്ടെന്നുവരുമെങ്കിലും അത് ഒരുതരം അഹന്തയിൽ നിന്നും ഉരുവാകുന്ന ആത്മീയ ധിക്കാരം മാത്രം ആണ്. ആ സഭ അവിടെ ഉള്ളതിനാലും അതിനെ നടത്തുന്ന ഒരു ഇടയൻ ഉള്ളതിനാലും അവർ സമയവും അദ്ധ്വാനവും സമ്പത്തും ചിലവാക്കിയതിനാലും ആണ് പ്രസംഗകന് ഒരു വേദി കിട്ടിയത് എന്ന് മറക്കരുത്. ആ ബഹുമാനത്തെ ഉള്ളിൽ വെച്ച് വേണം ഓരോ വാക്കും ഉരുവിടാൻ. ആരും പൂർണ്ണരല്ല എന്നും ഓർക്കുക. പ്രവാചകൻ എന്ന നിലയിൽ ഒരു ദൂതുണ്ടെങ്കിൽ പോലും പരിജ്ഞാനത്തോടെ അഥവാ വിവേകത്തോടെ വേണം അത് അവതരിപ്പിക്കാൻ.

മുൻപിൽ ഇരിക്കുന്നവരിൽ മിക്കപേരും നമ്മെക്കാൾ വിദ്യാഭ്യാസവും പ്രായവും പരിചയവും അനുഭവവും വചനപരിജ്ഞാനവും ഉള്ളവരാണെന്നും അവർ നമ്മെ ക്ഷണിച്ചത് നമ്മിൽ വ്യാപരിക്കുന്ന ദൈവകൃപ നിമിത്തവും ആണെന്നും ഏതു പ്രഭാഷകരും മറക്കരുത്. തെറ്റിക്കൂടാഴിക ആർക്കും ഇല്ല. ധാരണകൾ കൊണ്ട് ഒരുവനെ ആത്മീയൻ എന്നും അനാത്മീയൻ എന്നും വിധിക്കയും അരുത്. ഒരുവന്റെ ആത്മീയത സ്വന്തം സംസ്കാരം കൊണ്ടോ മുൻവിധികൊണ്ടോ നാം അളക്കുന്നത് എങ്ങനെയാണ്? വിമർശകനെക്കാൾ വിമർശിക്കപ്പെട്ട കാര്യം ഒന്നൊഴികെ ബാക്കി എല്ലാറ്റിലും അവർ നല്ലവരായിരിക്കാം. പ്രസംഗകൻ പരിഹാസി ആകരുത്. അതിനാൽ ജനത്തെ തിരുത്തുവാൻ ആർക്കും അധികാരം ഇല്ല എന്ന ധാരണ അബദ്ധം ആണ്. അവരുടെ ഇടയൻ അത് ശ്രദ്ധിക്കണം. ദൈവമക്കൾ അവരുടെ നിലവാരം സൂക്ഷിക്കാൻ മറക്കരുത്. വേഷത്തിലും ശരീരഭാഷയിലും അത് നിലനിർത്തപ്പെടേണം. ദൈവത്തിന്റെ മന്ദിരം എന്ന വിലയും സ്വന്തശരീരം എന്ന ബഹുമാനവും നമ്മുടെ ശരീരത്തിന് നാം തന്നെ നൽകണം. യോഗ്യമായ വേഷം (Proper Dressing) ധരിക്കുന്നവരായിരിക്കണം ദൈവമക്കൾ. വിശേഷാൽ വേദികളിൽ കയറുന്നവർ. നൂറു പേരുള്ള സദസിൽ ഇരുനൂറു കണ്ണുകൾ നമ്മെ വീക്ഷിക്കുന്നു. ജനത്തിന് അരോചകമാകും വിധം സംസാരിക്കുകയോ വസ്ത്രം ധരിക്കയോ ചെയ്യരുത്. പിതാക്കന്മാരുടെ ഉപദേശങ്ങൾ ഈ വിധ കാര്യങ്ങൾ ഗൗരവമായി പറഞ്ഞിരുന്നെങ്കിൽ വിവേചന ബുദ്ധി അധികമായപ്പോൾ നമ്മൾ അവ അറിഞ്ഞു ചെയ്യേണ്ടതല്ലേ? പെന്തെക്കോസ്തിന്റെ വിഴുപ്പലക്കാൻ കൺവൻഷനുകളെ ഉപയോഗിക്കരുത്. ഇതിനെക്കുറിച്ച് ഒരു പ്രസംഗകൻ പറഞ്ഞത്, താൻ പറഞ്ഞില്ലെങ്കിലും മനോരമയിലും ചാനലിലും ഒക്കെ വരുന്നുണ്ടന്നാണ്.

സ്നേഹിതാ പത്രവായനക്കു പകരുമോ വാർത്താവതരണത്തിനു വേണ്ടിയോ അല്ല പൊതുമീറ്റിങ്ങുകൾ സംഘടിപ്പിക്കുന്നത്. സുവിശേഷ ഘോഷണത്തിനായിട്ടാണ്. അല്ലാതെ പെന്തെക്കോസ്തിലെ അപചയ പാരായണത്തിനായിട്ടല്ല. ഇരിക്കുന്ന കൊമ്പു പരസ്യമായി മുറിക്കുന്ന ഈ ഏർപ്പാട് ആശാസ്യമല്ല. ആരും എതിർക്കാത്തതിനാൽ അതിനെ ചങ്കൂറ്റം എന്നും വിളിക്കരുത്. മദം ഇളകിവരുന്ന ആനയുടെ മുൻപിൽ നെഞ്ചുവിരിച്ചു നിൽക്കുന്നത് ചങ്കൂറ്റം അല്ല വിവരശൂന്യതയാണ്. സ്വയം ഇല്ലാതാക്കാനുള്ള, തന്നെത്താൻ പോലും രക്ഷിക്കാൻ കഴിയാത്ത ബുദ്ധിഹീനത. അതിന്റെ മറ്റൊരു വകഭേദം മാത്രമാണ് സുവിശേഷത്തിന്റെ വാതിലുകൾ അടയുന്ന ഈ കാലത്തു കൈയടികിട്ടാൻ മാത്രം കാട്ടികൂട്ടുന്ന ഈ പരിസരബോധം ഇല്ലാത്ത ഈ വികല വിമർശനങ്ങൾ. ദൈവസഭയുടെ തിരുത്തപ്പെടേണ്ടുന്ന കാര്യങ്ങളെ പറയേണ്ടതും പഠിപ്പിക്കേണ്ടതും സഭഹാളുകളുടെ ഉള്ളിൽ ആകുന്നതാണ് നല്ലത്. അതിനെ കേൾക്കാനും ചർച്ച ചെയ്യാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ഒക്കെ നാം ശ്രദ്ധിക്കതന്നെ വേണം.

വാൽക്കഷ്ണം: നമുക്ക് നിത്യത വേണ്ടാന്നു വെച്ചാലും മറ്റുള്ളവരുടെ നിത്യതയെ നഷ്ടമാക്കാൻ ആരും മുതിരരുത്...

# സൂര്യൻ നിശ്ചലമായി നിന്നു; ബൈബിൾഭാഗം ശരിയെന്ന് ശാസ്ത്രസമൂഹം

ജറുസലേം: പഴയനിയമത്തിൽ യോശുവായുടെ കാലത്ത് ഇസ്രായേൽ ജനം അമോര്യരോട് യുദ്ധം ചെയ്ത സമയം സൂര്യൻ നിശ്ചലമായി നിന്നുവെന്ന തിരുവെഴുത്തിനെ ശാസ്ത്രവും അംഗീകരിച്ചു. നാസയുടെ ഉപഗ്രഹങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബേർശേബായിലെ ബെൻ ഗൂരിയോൺ സർവകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കണ്ടെത്തൽ നടത്തിയിരിക്കുന്നത്. ബൈബിൾ പ്രകാരം സൂര്യൻ അതിന്റെ ചലനം നിർത്തി എന്ന് പറയുന്നത് യോശുവായുടെ പുസ്തകത്തിലാണ് കാണുവാൻ സാധിക്കുക. യോശുവായുടെ പുസ്തകം പത്താം അധ്യായത്തിലെ 12 മുതലുള്ള വാക്യങ്ങൾ ചരിത്ര സത്യങ്ങളാണെന്നു ശാസ്ത്രവും ഇപ്പോൾ സാക്ഷ്യപ്പെടുത്തുന്നു.

'കർത്താവ് ഇസ്രായേൽക്കാർക്ക് അമോര്യരെ ഏൽപിച്ചുകൊടുത്ത ദിവസം യോശുവാ അവിടുത്തോടു പ്രാർഥിച്ചു. അനന്തരം, അവർ കേൾക്കെപ്പറഞ്ഞു: സൂര്യാ, നീ ഗിബയോനിൽ നിശ്ചലമായി നിൽക്കുക. ചന്ദ്രാ നീ അയ്യലോൺ താഴ്വരയിലും നിൽക്കുക. അവർ ശത്രുക്കളോടു പ്രതികാരം ചെയ്യുന്നതുവരെ സൂര്യൻ നിശ്ചലമായി നിന്നു; ചന്ദ്രൻ അനങ്ങിയതുമില്ല'. യോശുവായുടെ പുസ്തകത്തിലെ തിരുവചനങ്ങൾ ഇപ്രകാരമാണ് അന്ന് നടന്ന സംഭവത്തെ വിവരിക്കുന്നത്.


നാസയുടെ കണ്ടെത്തൽ പ്രകാരം ബിസി 1207 ഒക്ടോബർ 30നു സൂര്യഗ്രഹണം ആയിരുന്നുവെന്ന് കണ്ടെത്തി. ചരിത്രരേഖകളും വസ്തുകളും പഠിക്കുമ്പോൾ യോശുവാ യുദ്ധം ചെയ്തതും ഇതെ ദിവസമാണെന്ന് തെളിയുന്നു. ബിസി 1500നും 1000നും ഇടയിൽ ഒരിക്കലും മേൽപറഞ്ഞ സൂര്യഗ്രഹണം അല്ലാതെ മറ്റൊന്നുപോലും ഉണ്ടായിട്ടില്ലെന്നും പഠനം തെളിയിക്കുന്നു. ബൈബിളിൽ സൂര്യൻ അതിന്റെ പാതയിൽ നിശ്ചലമായി നിന്ന സംഭവം യോശുവായുടെ പുസ്തകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സൂര്യഗ്രഹണം നടക്കുമ്പോൾ, അത് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഇരുട്ട് വ്യാപിക്കുകയാണ് ചെയ്യുക. പൂർണ്ണ സൂര്യഗ്രഹണം എന്നാൽ പൂർണ്ണമായും ഇരുട്ട് വ്യാപിക്കുക എന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറും. ഹീബ്രുവിലെ പദോൽപ്പത്തി വർണ്ണനപ്രകാരമാണ് ശാസ്ത്രജ്ഞർ ഇതിന്റെ ചുരുൾ അഴിച്ചിരിക്കുന്നത്. സൂര്യൻ നിശ്ചലമായി നിൽക്കുന്നു എന്നതിന് പകൽ തുടരുന്നു എന്ന അർത്ഥമല്ല ഉള്ളത്. ഒരു പ്രദേശത്തേക്ക് വേഗം ഇരുൾ പരക്കുന്നുവെന്നതും ഇതുമൂലം അർത്ഥമാക്കുന്നു. ഉച്ചക്കു ശേഷം 4.28നാണ് ഇത്തരമൊരു സംഭവം അന്ന് ഉണ്ടായതെന്നും രേഖകൾ പറയുന്നു. ഈ സമയമാണ് ഇസ്രായേൽ തങ്ങളുടെ ശത്രുക്കളെ തോൽപ്പിച്ചത്.

ഡോക്ടർ ഹെസി യിറ്റ്സാക്കിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഇതു സംബന്ധിക്കുന്ന പഠനം പൂർത്തീകരിച്ചിരിക്കുന്നത്. 'പലരും ഭൗതിക ശാസ്ത്രത്തിന്റെ സഹയത്തോടെയാണ് ബൈബിളിലെ പലകാര്യങ്ങളും തെളിയിക്കുവാൻ നോക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ചില ശ്രമങ്ങൾ വിശ്വാസത്തെ തകർക്കുന്നതിനു വേണ്ടിയാണ്. പദാനുപദം കാര്യങ്ങൾ തെളിയിക്കുവാൻ സാധിക്കില്ലെന്ന വ്യാഖ്യാനമാണ് ഇത്തരക്കാർ പലപ്പോഴും പറയുക'.

'വാനനിരീക്ഷണത്തിന്റെ സഹായത്തോടെയാണ് പുതിയ കണ്ടെത്തലിലേക്ക് ഞങ്ങളുടെ സംഘം എത്തിച്ചേർന്നിരിക്കുന്നത്. ബൈബിളിൽ സൂര്യൻ 'നിശ്ചലമായി' നിന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അന്ന് ഉപയോഗിച്ചിരുന്ന ഭാഷയുടെ അടിസ്ഥാനത്തിൽ വേണം നമ്മൾ ഇതിനെ മനസിലാക്കുവാൻ. ഗ്രീക്കിലെ ചില പുസ്തകങ്ങളിൽ ഭാഷയുടെ അർത്ഥം നോക്കിയാണ് ഇപ്പോൾ ഉള്ളകാര്യം നമുക്ക് ബോധ്യമായി വന്നിരിക്കുന്നത്. ബൈബിളിലെ ചില കാര്യങ്ങൾ തെളിയിക്കുന്നതിന് നമുക്ക് ഇത്തരം പല സങ്കേതങ്ങളും ഉപയോഗിക്കേണ്ടി വരും. സൂര്യൻ അതിന്റെ പാതയിൽ ചലനം നിർത്തിയപ്പോൾ ഇരുട്ട് വീണു എന്നതാണ് മനസിലാക്കേണ്ടത്. ഈ സാധ്യതയെ ആണ് യിസ്രായേൽ ജനം അനുകൂലമാക്കി എടുത്ത് വിജയിച്ചത്'. ഹെസി യിറ്റ്സാക്ക് പറഞ്ഞു.

# ആരെ അനുകരിക്കണം





ഷീല ദാസ് കീഴൂർ

ദൈവവചനം ആകുന്ന വേദപുസ്തകം അംഗീകരിക്കയും അനുസരിക്കയും ചെയ്യുന്നവരാണ് ദൈവമക്കൾ. യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ചവർ ആരെ അനുകരിക്കണം എന്നു വേദപുസ്തകം പറയുന്നു. അനുകരിക്കാൻ കൊള്ളാവുന്ന ഏക വ്യക്തി യേശുക്രിസ്തു മാത്രമാണ്. കാരണം, അവൻ പാപം ഒന്നും ചെയ്തിട്ടില്ല അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല, തന്നെ ശകാരിച്ചിട്ടു പകരം ശകാരിച്ചിട്ടില്ല, തന്നെ ഉപദ്രവിച്ചവരോടു ക്ഷമിക്കുക മാത്രമല്ല, അവർക്കുവേണ്ടി പ്രാർത്ഥിക്കാനും മനസ്സുവെച്ച ദൈവപുത്രനെപ്പോലെ അനുകരിക്കാൻ കൊള്ളാവുന്ന ആരും ഈ ഉലകത്തിലില്ല. യേശുവിന്റെ ഭാവം ഉൾക്കൊണ്ടുകൊണ്ട് യേശുവിനെപ്പോലെ ജീവിക്കാൻ ശ്രമിക്കുന്നതാണ് ക്രിസ്തീയജീവിതം. നമ്മുടെ അളവുകോൽ ക്രിസ്തുവിന്റെ തലയോളം എന്നതായിരിക്കണം. അതിൽ കുറഞ്ഞ ഒന്നിലും, ആരിലും ദൈവം പ്രസാദിക്കില്ല. അതുകൊണ്ട് ക്രിസ്തുവിന്റെ ജീവിതത്തിൽ നിന്നും നാം പഠിക്കയും അത് അനുസരിക്കാൻ തയ്യാറാവുകയും ചെയ്യുമ്പോൾ ക്രിസ്തു നമ്മെ നോക്കി സന്തോഷിക്കും.

കഷ്ടതയില്ലാത്ത ക്രിസ്തീയ ജീവിതം ഇന്നു പലരും വാഗ്ദത്തം ചെയ്യുമ്പോൾ അരുമനാഥനായ കർത്താവ് അവരെ നോക്കി ദു:ഖിക്കുന്നു എന്നു തോന്നുന്നു. കാരണം നമുക്കൊരു മാതൃക വെച്ചേച്ചു പോയ കർത്താവു കഷ്ടം സഹിച്ചവനും കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനും ആയിരുന്നു എന്ന് (എബ്രായർ 5:8) പറയുമ്പോൾ അതിന്റെ അർത്ഥം അനുസരണം പഠിച്ചു തികയുന്നവൻ ആകാൻ ആഗ്രഹിക്കുന്നെങ്കിൽ, കഷ്ടങ്ങളുടെ തീച്ചൂള കൂടാതെ കഴിയുകയില്ല എന്നല്ലേ? പിന്നെ എന്തിനു വിശ്വസിക്കാൻ കൊള്ളാവുന്ന കർത്താവിനെ വിട്ട് വിശ്വസിക്കാൻ കൊള്ളാത്ത മനുഷ്യന്റെ വാക്കിൽ ആശ്രയിക്കണം? അതുകൊണ്ട് മാനുഷീകമായ അഭിപ്രായങ്ങളിൽ അല്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവു തന്നെ എഴുതിയതും പുത്രനിലൂടെ നമുക്ക് ഉറപ്പിച്ചു തന്നതുമായ ദൈവവചനപ്രകാരം പുത്രനെ മാതൃകയാക്കാൻ ശ്രമിക്കാം.

അപ്പൊസ്തലനായ പൗലൊസ്, ലേഖനം എഴുതുമ്പോൾ ഇപ്രകാരം പറയുന്നു, നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ (എബ്രായർ 13:7). ജീവിതകാലത്ത് വിശ്വാസം പ്രസംഗിച്ചവർ അവസാനം വരെ അതനുസരിച്ച് ജീവിക്കുന്നു എങ്കിൽ അവരുടെ വിശ്വാസം അനുകരിക്കണം. ജീവിതത്തിൽ നന്മകളും അനുഗ്രഹങ്ങളും ലഭിച്ചു കഴിയുമ്പോൾ, ഉപദേശം മാറ്റിപ്പറയുന്ന ഇക്കാലത്ത് ദൈവവചനത്തിനനുസരണമായ ജീവിത വിശുദ്ധി സൂക്ഷിച്ച് ജീവിച്ചവരുടെ ജീവാവസാനം കണ്ട് അവർ പിടിച്ച വിശ്വാസം അനുകരിക്കണം. ദൈവത്തോടു കൂടെ ജീവിക്കാൻ തീരുമാനമെടുത്താൽ ദൈവം ഉപദേശിക്കുന്ന വഴിയിലൂടെ യാത്ര ചെയ്യണം. ദൈവം വെളിപ്പെടുത്തിയതാണെന്നു ഹൃദയത്തിൽ തോന്നുന്നതെല്ലാം ശരിയാകണമെന്നില്ല, ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ഒന്നും സ്വീകരിക്കാൻ തയ്യാറാകരുത്.

**ദൈവം വെളിപ്പെടുത്തിയതാണെന്നു ഹൃദയത്തിൽ തോന്നുന്നതെല്ലാം ശരിയാകണമെന്നില്ല, ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ഒന്നും സ്വീകരിക്കാൻ തയ്യാറാകരുത്.**

ദൈവവചനം ആകുന്ന ഉരകല്ലിൽ ഉരച്ചു നോക്കാതെ ഒരു ദർശനവും വെളിപ്പാടും നമുക്കു സ്വീകരിക്കാൻ അവകാശമില്ല. അപ്രകാരം നമ്മോടു പറഞ്ഞു തരുന്നവർ എത്ര ദൈവവചന പണ്ഡിതന്മാർ ആയാലും നാം അത് സ്വീകരിക്കരുത്. ദൈവത്തേക്കാളും ദൈവവചനത്തേക്കാളും വലിയവർ ആരും ഇല്ല. അങ്ങനെ ദൈവ വചനത്തെ കോട്ടിക്കളയുന്നവരെ അനുകരിക്കരുത്. വിശ്വാസത്തിൽ നിലനിന്ന് ദൈവത്തിൽ നിന്നും സാക്ഷ്യം പ്രാപിച്ച ഭക്തന്മാരെ അനുകരിക്കണം. പൗലൊസ് വീണ്ടും പറയുന്നു, നിങ്ങൾ എന്റെ അനുകാരികൾ ആകുവീൻ (1 കൊരിന്ത്യർ 4:16). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിന്നു രക്തസാക്ഷി ആയിത്തീർന്ന അദ്ദേഹത്തെ അനുകരിക്കാം. അതായത് ഞാൻ ക്രിസ്തുവിന്റെ അനുകാരിയായതുകൊണ്ടു നിങ്ങളും എന്റെ അനുകാരികൾ ആകുവീൻ എന്നാണ് അദ്ദേഹം അർത്ഥമാക്കിയത്.

അപ്പൊസ്തലനായ യോഹന്നാൻ തന്റെ മൂന്നാം ലേഖനത്തിൽ എഴുതുമ്പോൾ, പ്രധാനിയാകുവാൻ ആഗ്രഹിക്കുന്നവനും അപ്പൊസ്തലന്മാരെ കൂട്ടാക്കാത്തവനും സഹോദരന്മാരെ കൈക്കൊള്ളാത്തവനുമായ ദിയൊത്രെഫേസ് എന്ന മനുഷ്യനെ അനുകരിക്കരുത്, തിന്മയെ അനുകരിക്കാതെ നന്മയെ അനുകരിക്കണം എന്നു പറയുന്നു. ഇന്നും പരിശുദ്ധാത്മാവു സഭകളോടു പറയുന്നത് കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

അധികാരമോഹികളും സ്ഥാനക്കൊതിയന്മാരും സഭകളിൽ അധികാരം നടത്തി ജനത്തെ വലയ്ക്കുന്നവരുമായ മനുഷ്യരെ അനുകരിക്കരുത്. അവർ ആരായാലും അവരെ വിട്ടൊഴിയുക. ഇന്നു സഭകളിൽ സ്ഥാനം ആണു വലുത്, എന്നാൽ അഭിഷേകമാണു വലുത് എന്നു ദൈവം തെളിയിക്കും നിശ്ചയം.

എന്നാൽ അപ്പൊസ്തലൻ വീണ്ടും പറയുന്നു, സാക്ഷ്യം ലഭിച്ച ദെമേത്രിയോസ് എന്ന മനുഷ്യനെ അനുകരിക്കാൻ കൊള്ളാം (3 യോഹന്നാൻ 9:12). ദൈവവചനത്താലും മറ്റുള്ളവരാലും സാക്ഷ്യം ലഭിച്ചവരെ അനുകരിക്കാം. അവരുടെ ചിന്ത നിത്യതയായിരിക്കും.

അവർ സാക്ഷ്യം നഷ്ടപ്പെടുത്തുന്ന ഒന്നിലും ഇടപെടാതെ ഒഴിഞ്ഞു മാറി നിൽക്കും. അവരെ ശ്രദ്ധിച്ച്, അനുകരിക്കാം.

ദൈവത്തിന്റെ വചനത്തിന്റെ പ്രാധാന്യം അനുസരിച്ച് ജീവിക്കുന്ന നമ്മെ പലരും അനുകരിക്കത്തക്ക നിലയിൽ നമുക്കും ജീവിതത്തെ ക്രമീകരിച്ചു, വിശുദ്ധിയോടും നിർമ്മലതയോടും ജീവിക്കാം.

# കുട്ടികളെ പഠിപ്പിക്കാം നന്ദിപറയാൻ



തുറന്ന മനസ്സോടെ നന്ദിപറയുന്നത് ചെറിയകാര്യമല്ല. പലരും അതിനു ശ്രമിക്കാറില്ലെന്നു മാത്രം. എന്നാൽ, ഇനി അക്കാര്യത്തിൽ മടികാട്ടേണ്ട.

ചെറിയ ചെറിയ കാര്യങ്ങൾ ചെയ്ത് സഹായിക്കുന്നവരോടു പോലും നന്ദിപറയാൻ മാതാപിതാക്കൾ പഠിപ്പിക്കുന്നത് കുട്ടികളിൽ മൂല്യബോധം വളർത്താൻ സഹായമാകുമെന്നാണ് പുതിയപഠനം പറയുന്നത്.

മറ്റുള്ളവരോടു സഹാനുഭൂതിയുള്ളവരും നന്ദിപറയുന്നവരുമായ കുട്ടികൾ ജീവിതത്തിൽ മികച്ചവിജയം കൈവരിക്കും. സന്തോഷത്തോടെ ജീവതത്തിലെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തരുമായിരിക്കും. ഇടപഴകുന്നവരോട് ഔചിത്യപരമായി നന്ദിപ്രകടിപ്പിക്കുന്ന കുട്ടികൾ ശുഭാപ്തിവിശ്വാസമുള്ളവരും മികച്ച സൗഹൃദ്യം നിലനിർത്തുന്നവരുമായിരിക്കുമെന്നും ഗവേഷണപഠനം പറയുന്നു. കൂടാതെ, ഇവർ നല്ല വ്യക്തിത്വത്തിന് ഉടമകളുമായിരിക്കും.

ഏഴുവയസ്സിനും പതിനെട്ടുവയസ്സിനും ഇടയിലുള്ള കുട്ടികളെ പഠിച്ച് കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഗിയാക്കോമോ ബോണോയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

വളരുന്ന പ്രായത്തിൽ തന്നെ സന്ദർഭാനുസരണം നന്ദിപറയാൻ കുട്ടികളെ പരിശീലിപ്പിക്കണം. ശാരീരികാരോഗ്യത്തെപ്പോലെ തന്നെ കുട്ടികളുടെ മാനസികാരോഗ്യവും ഏറെ പ്രാധാന്യമർഹിക്കുന്നു. നിത്യജീവിതത്തിൽ മാനസികമായി തൃപ്തരാകേണ്ടതിനും കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണെന്ന് ബോണോ പറഞ്ഞു.

## കണക്കിലെ മിടുക്കർ ഭാവിയിലെ മിടുമിടുക്കർ

കുട്ടികൾ കണക്കിൽ മിടുക്കരാണെങ്കിൽ ഭാവിയിൽ അവർ ഒരുപാടു നേട്ടങ്ങൾ കൈയടക്കും. അമേരിക്കയിലെ വെണ്ടർബ്ലിട്ട് ടെന്നസി യൂണിവേഴ്സിറ്റിയിൽ നടന്ന ഗവേഷണത്തിലാണ് ഈ കണ്ടെത്തൽ.

കണക്കിൽ കുട്ടികൾ കാണിക്കുന്ന ഉത്സാഹം ഭാവിയിൽ അവരെ മിടുമിടുക്കരാക്കാൻ സഹായിക്കുമെന്നാണു പറയുന്നത്. കണക്കുകൂട്ടുന്നതിന് അതിശ്രദ്ധ അനിവാര്യമാണ്. എണ്ണുന്നതിനും കണക്കാക്കുന്നതിനുമുള്ള പരിശീലനം വീട്ടിൽ നിന്നും അധ്യാപകരിൽ നിന്നും ലഭിക്കുന്നു. അതു കുട്ടികളെ കണക്കിൽ കൂടുതൽ മികവുള്ളവരാക്കാൻ സഹായിക്കാറുണ്ട്. ഇതു ഭാവിയിൽ അവരെ മറ്റുമേഖലകളിലും ഉന്നതിയിലെത്തിക്കുമെന്നാണ് പഠനത്തിനു നേതൃത്വം നൽകിയ പ്രൊഫസർ ബെതാനില റലടിൽ ജോൺസൻ അഭിപ്രായപ്പെടുന്നത്.

## കുട്ടികളെ മിടുക്കരാക്കാൻ പാട്ടും നൃത്തവും മതി

കുട്ടികൾ പഠനത്തിൽ മിടുക്കന്മാരാകണമെന്ന് ആഗ്രഹിക്കുന്നവരാണ് അച്ഛനമ്മമാർ. എന്നാൽ, ദാരിദ്ര്യവും കുടുംബത്തിലെ മറ്റു പ്രശ്നങ്ങളും കാരണം മാനസിക സംഘർഷമനുഭവിക്കുന്ന കുട്ടികൾ പലപ്പോഴും പഠനത്തിൽ പിന്നോക്കം പോകാറുണ്ട്.

ഇത്തരം കുട്ടികളെ പാട്ട്, നൃത്തം തുടങ്ങിയവയിൽ കൂടുതൽ ഇടപഴകാൻ അനുവദിച്ചാൽ മിടുക്കന്മാരാക്കി മാറ്റാമെന്നാണ് അമേരിക്കയിലെ പെൻസിൽവേനിയ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. എലേനർ ബ്രൗണിന്റെയും സഹപ്രവർത്തകരുടെയും കണ്ടെത്തൽ.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ മൂന്നിനും പത്തിനും ഇടയിൽ പ്രായമുള്ള 310 കുട്ടികളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണു ബ്രൗണും സംഘവും ഈ നിഗമനത്തിലെത്തിയിരിക്കുന്നത്.

പഠനത്തിൽ പിന്നാക്കം നിന്ന ഈ കുട്ടികളെ പാട്ട്, നൃത്തം തുടങ്ങിയ കലകളുമായി കൂടുതൽ ഇടപഴകാൻ അവസരമൊരുക്കിയപ്പോൾ വീട്ടിലെ ദുരിതാവസ്ഥ മറക്കുകയും പഠനത്തിലും മറ്റും കൂടുതൽ താൽപര്യം കാണിച്ചതുമായാണ് പഠനസംഘത്തിന്റെ കണ്ടെത്തൽ.

ഇത്തരം കലകളുമായി ഇടപഴകുമ്പോൾ കുട്ടികളിലെ മാനസികസംഘർഷം കുറഞ്ഞതാണ് അവരെ മിടുക്കന്മാരാക്കിയതെന്നാണ് ബ്രൗണിന്റെയും സഹപ്രവർത്തകരുടെയും കണ്ടെത്തൽ.

# അഭിരുചി പ്രോത്സാഹിപ്പിക്കുക



ജെ.പി. വെണ്ണിക്കുളം

**ധാരാളം പണം ചിലവാക്കി കോഴ്സിനു വിട്ടിട്ടു വല്ലവിധേനയും പൂർത്തിയാക്കി മറ്റു കൊഴ്സുകളിലേക്ക് പോകുന്നവരുണ്ട്. സമയവും പണവും വെറുതെ നഷ്ടപ്പെടുത്തിയിട്ട് കാര്യമില്ല. കൃത്യമായ പ്ലാനിംഗ് ഉണ്ടെങ്കിൽ ഭാവിസംബന്ധമായ വിഷയങ്ങളിലെ ആശങ്കകൾ ഒഴിവാക്കാം.**

മത്തായി 7:712 വരെയും ലൂക്കോസ് 11:913 വരെയും വാക്യങ്ങളാണ് ഈ കുറിപ്പിന്റെ ആധാരം. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറക്കുന്നു. ഇവിടെയുള്ള യാചനയും അന്വേഷണവും മുട്ടും എല്ലാം വ്യക്തമാക്കാനായി പറഞ്ഞിരിക്കുന്ന ദൃഷ്ടാന്തം നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാം.

മകൻ അപ്പം ചോദിച്ചാൽ അവനു കല്ല് കൊടുക്കുമോ? മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗസ്ഥനായ പിതാവ് എത്ര യധികം നൽകും.

മക്കളെക്കുറിച്ച് മാതാപിതാക്കൾക്ക് വലിയ പ്രതീക്ഷയുണ്ട്. ജനിച്ചുവീഴുമ്പോൾ തന്നെ അവർ ആരാകണമെന്ന് ചിന്തിച്ചു വേവലാതിപ്പെടുന്ന മാതാപിതാക്കളുണ്ട്. എന്നാൽ വിദ്യാഭ്യാസത്തിന്റെ പ്രധാന വഴിത്തിരുവിലെത്തുമ്പോൾ ഭാവി സ്വയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പല കുട്ടികൾക്കും ഇല്ല എന്നത് യാഥാർഥ്യമാണ്. അവർ ഏതു കോഴ്സ് തെരഞ്ഞെടുക്കണമെന്നു തുടങ്ങി ഏതു പങ്കാളിയെ തെരഞ്ഞെടുക്കണം എന്ന് വരെയുള്ള ഉപദേശങ്ങളുമായി മാതാപിതാക്കൾ പിന്നാലെയുണ്ടാവും. ഇത് ഇഷ്ടപ്പെടാത്ത ധാരാളം കുട്ടികളുണ്ട്. അവർ മാതാപിതാക്കളുമായി ഭാവി സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നത് മതിയാക്കി അവരുടെതായ ലോകത്തിലേക്ക് ഉൾവലിയുന്നു. എന്നാൽ, മാതാപിതാക്കൾ പറയുന്നതിനപ്പുറം ഒരു പടിപോലും പോകാത്ത കുട്ടികളുമുണ്ട്. അവരിൽ പലർക്കും ഭാവിയെക്കുറിച്ച് കൃത്യമായ അറിവില്ല. വീട്ടിലെ സാഹചര്യങ്ങൾ പറഞ്ഞു അവർ സ്വയം തൃപ്തരാകും. തങ്ങൾ ആഗ്രഹിക്കുന്നതുപോലെ മക്കൾ പോയില്ലെങ്കിൽ അവർ ദുഃഖിക്കും. ഒരുപാട് സ്വപ്നങ്ങൾ നെയ്തുകൂട്ടിയിട്ടു ഒരു സുപ്രഭാതത്തിൽ അതു നടക്കാതെവരുമ്പോൾ ആരായാലും അസ്വസ്ഥരാകും. പിന്നെ പരസ്പരം പഴിചാരി ജീവിതം തള്ളിനീക്കും. പ്രാർഥനയും കൂട്ടായ്മയും ഉണ്ടെങ്കിലും അതെല്ലാം ജലരേഖയായി അവസാനിപ്പിക്കും. ആരെയോ ഒക്കെ ബോധിപ്പിക്കാൻ വേണ്ടി ജീവിതം മുന്നോട്ടു നയിച്ചിട്ടു എന്ത് അർത്ഥമാണുള്ളത്?

ധാരാളം പണം ചിലവാക്കി കോഴ്സിനു വിട്ടിട്ടു വല്ലവിധേനയും പൂർത്തിയാക്കി മറ്റു കൊഴ്സുകളിലേക്ക് പോകുന്നവരുണ്ട്. സമയവും പണവും വെറുതെ നഷ്ടപ്പെടുത്തിയിട്ട് കാര്യമില്ല. കൃത്യമായ പ്ലാനിംഗ് ഉണ്ടെങ്കിൽ ഭാവിസംബന്ധമായ വിഷയങ്ങളിലെ ആശങ്കകൾ ഒഴിവാക്കാം. കോഴ്സ് തിരഞ്ഞെടുക്കും മുൻപ് മക്കളുടെ അഭിരുചി എന്താണെന്ന് പോലും ചോദിക്കാത്ത മാതാപിതാക്കളുണ്ട്. നിങ്ങളുടെ സ്വപ്നം നല്ലതുതന്നെ, എന്നാൽ, അവരോടു ഒരു വാക്ക് ചോദിച്ചതുകൊണ്ടു നിങ്ങൾക്കൊന്നും നഷ്ടപ്പെടില്ല. അവരുടെ ആഭിരുചി മനസിലാക്കി ചെറുപ്പം മുതൽ പ്രോത്സാഹിപ്പിച്ചാൽ സമയത്ത് വേവലാതിപ്പെടേണ്ടി വരില്ല.

എല്ലാ കുട്ടികൾക്കും നൈസർഗീകമായ വാസനകളുണ്ട്. അതിനെ ഉത്തേജിപ്പിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. സംഗീതത്തോടോ വാദ്യോപകരണങ്ങളോടോ താത്പര്യമുണ്ടെങ്കിൽ; പരിശീലനം നൽകണം. അവരുടെ താല്പര്യം കൂടി മുൻകണ്ടു വേണം തീരുമാനം എടുക്കാൻ. കുട്ടികൾ അവരുടെ താത്പര്യം പറഞ്ഞാൽ അവരെ നിരുത്സാഹപ്പെടുത്തരുത്. പണം ഇല്ല എന്ന കാരണത്താൽ അവരുടെ ഭാവി നാം നഷ്ടപ്പെടുത്തിയാൽ ജീവിതംകാലം മുഴുവൻ ദുഃഖിക്കേണ്ടി വരും. പരസ്പരധാരണ നല്ലതാണ്. കാര്യങ്ങൾ അവരെ പറഞ്ഞു ബോധ്യപ്പെടുത്തുക. എന്നാൽ മാതാപിതാക്കൾ തങ്ങൾക്കു ലഭിച്ചതിനെക്കാൾ മെച്ചമായ വിദ്യാഭ്യാസം മക്കൾക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, മാതാപിതാക്കളും സ്വപ്നം ഉണ്ട്. അതിന്മേൽ കരിനിഴൽ വീഴുന്നത് ശരിയല്ല. ദൈവീക വഴിയിൽ കുട്ടികൾ നടക്കട്ടെ. ദൈവദൃഷ്ടിയിൽ അവരും വിലയുള്ളവരാണ്. അവരുടെ ഭാവി നിങ്ങളുടെ കൈയിൽ പന്താടരുത്.

ലേഖനം

# 'ഇല്ലാത്തവൻ സൂക്ഷിക്കുക!!'



ബിനു വടക്കുംചേരി

**നിദ്ര വെടിഞ്ഞു ഉണർന്നും യജമാനൻ ഏല്പിച്ച താലന്തു വർദ്ധിപ്പിച്ചും ദൈവരാജ്യത്തിന്റെ വേലക്കായി ഉത്സാഹിക്കാം. നമ്മുടെ യജമാനൻ താമസംവിന വരാറായി.**

ചില കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ അവർക്ക് പെട്ടന്നുതന്നെ മനസിലാക്കി കൊടുക്കുവാൻ ഉദാഹരണങ്ങൾ അഥവ ഉപമകൾ ഉപകരിക്കും. 'ഉദാഹരണങ്ങൾ' പലപ്പോഴും സംഭവങ്ങളോ അല്ലെങ്കിൽ പ്രവർത്തികളോ ആകാം എന്നാൽ 'ഉപമകൾ' ഒരു കഥ രൂപത്തിലായിരിക്കും .

കുറച്ചു കാലം മുൻപ് ഒരാൾ ഒരു ദൈവദാസനോട് ചോദിച്ചു, 'എന്തുകൊണ്ടാണ് ദൈവമക്കളെന്നു പറയുന്നവരുടെ കൂട്ടത്തിൽ തന്നെ പല സഭകൾ ഉള്ളത്? 'ഈ ചോദ്യത്തിനു ഉത്തരമെന്നവണ്ണം ഉദാഹരണത്തിലൂടെ അദ്ദേഹം മറുപടി കൊടുക്കുകയുണ്ടായി; 'ഒരാൾക്ക് ആയിരം പറ കണ്ടം ഉണ്ട്, പക്ഷെ ഒരേ സമയത്ത് ഇത്രയും വലിയ ഒരു നിലം വിതക്കാനോ, കൊയ്യുവന്നോ അയാൾക്കു സാധ്യമല്ല, അതിനായി അയാൾ ഓരോ വരമ്പ് തീർത്തു. ദൈവരാജ്യത്തിന്റെ വിത്തുകൾ വിതക്കുവാൻ ഓരോ വരമ്പുകൾ കണ്ടേക്കാം. ആ വരമ്പുകൾക്ക് പേരുകളും ഉണ്ടായേക്കാം' ഇതായിരുന്നു ആ ദൈവദാസൻ കൊടുത്ത മറുപടി.

കഥാരൂപത്തിലായിരിക്കുന്ന ഉപമകൾക്ക് അന്യാപദേശകഥ, നീതിക്കഥ എന്നൊക്കെയുള്ള അർത്ഥങ്ങളാണ് കൊടുത്തിരിക്കുന്നത്. 'അതു താൻ അല്ലയോ ഇതുയെന്ന് വർണ്ണത്തിൽ ആശങ്ക വരുന്നത് ഉപമ' എന്നത് നിർവചനവും.

പുതിയ നിയമം പരിശോധിക്കുമ്പോൾ യേശുക്രിസ്തു പറഞ്ഞതായ 39' ഓളം ഉപമകൾ കാണാം. യേശുവിന്റെ ഉപമകൾ കേട്ടിട്ടു തന്റെ ശിഷ്യർ ചോദിക്കുന്നു, 'അവരോട് ഉപമകളായി സംസാരിക്കുന്നത് എന്ത്?'

അതിനു യേശുവിന്റെ മറുപടി 'സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിയുവാൻ നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു. അവർക്കോ ലഭിച്ചിട്ടില്ല.' എന്നായിരുന്നു.

സാധാരണകർക്കിടയിൽ ഉപമകളിലൂടെയാണ് കർത്താവ് സ്വർഗ്ഗരാജ്യത്തെകുറിച്ച് പ്രസംഗിച്ചത്. അതുകൊണ്ട് തന്നെ കർത്താവിന്റെ ഉപകൾ വളരെ ലളിതവും, ആർക്കും മനസ്സിലാക്കാൻ ഉതകുംവണ്ണവും ആയിരുന്നു.

യേശു പറഞ്ഞ ചില ഉപമകൾ കോർത്തിണക്കിയാൽ അതിൽ നിന്നും ഒരു സന്ദേശം നമുക്ക് ലഭിക്കും. ആ ഉപമകളിലേക്ക് നമുക്കൊന്നു എത്തിനോക്കാം.

വിതയ്ക്കുന്നവന്റെ ഉപമ: വിതയ്ക്കുന്നവൻ വിതയ്ക്കുമ്പോൾ ചിലത് വഴിയരികെ വീണു. അത് പറവകൾ വന്നു തിന്നു കളഞ്ഞു, ചിലത് പാറസ്ഥലത്ത് വീണു. അത് സൂര്യന്റെ ചൂട് തട്ടിയപ്പോൾ കരിഞ്ഞു പോയി. മറ്റുചിലത് മുള്ളുകൾക്കിടയിൽ വീണു. മുള്ളുകളോ അതിനെ ഞെരുക്കികളഞ്ഞു. എന്നാൽ, നല്ല നിലത്ത് വീണ വിത്തുകൾ നൂറും, അറുപതും, മുപ്പതും മേനിയായി വിളഞ്ഞു.

താലന്തിന്റെ ഉപമ: യജമാനൻ പരദേശത്തേക്ക് യാത്ര പുറപ്പെട്ടപ്പോൾ തന്റെ ദാസന്മാരുടെ പ്രാപ്തിക്കൊത്തു താലന്തു കൊടുത്തു. ഒരുവന് അഞ്ചു താലന്തും, രണ്ടാമത്തവന് രണ്ടും, മൂന്നാമത്തവന് ഒന്നും എന്നിങ്ങനെയായിരുന്നു. അഞ്ചു താലന്തു കിട്ടിയവൻ അത് വ്യാപാരം ചെയ്തു വേറെ അഞ്ചു താലന്തു സമ്പാദിച്ചു.

രണ്ടു താലന്തു കിട്ടിയവനും അത് വർധിപ്പിച്ചു. എന്നാൽ, ഒരു താലന്തു കിട്ടിയവൻ അത് കുഴിയിൽ മറച്ചുവച്ചു.

പറയിൻകീഴിലെ വിളക്ക്: വിളക്ക് കത്തിച്ച് ആരെങ്കിലും പറയിൻ കീഴിൽ വെക്കുമോ എന്ന് ചോദിക്കുന്നു. പ്രകാശം പരത്തുന്ന വിളക്ക് തണ്ടിന്മേലാണ് വെക്കേണ്ടത്. വെളിച്ചത്തുവരുവാനുള്ളത് അല്ലാതെ മറവായോ, ഗൂഢമായോ ഒന്നും ഇല്ല.

ഈ മൂന്ന് ഉപമകളിലും കർത്താവ് ആവർത്തിച്ചു പറയുന്ന ഒരു കാര്യമുണ്ട് 'ഉള്ളവനു കൊടുക്കും, ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തു കളയും' (മത്തായി 13:12; 25:29, മർക്കോസ് 4:25).

വിതക്കാരന്റെ ഉപമയിൽ വിത്തുകൾക്ക് മുളച്ചുവരുവാൻ കിട്ടിയ 'സമയം' തുല്യമായിരുന്നു. അതുപോലെ തന്നെ താലന്തിന്റെ ഉപമയിൽ ഓരോരുത്തർക്കും കിട്ടിയ അളവിൽ വ്യത്യാസമുണ്ടെങ്കിലും അത് വ്യാപാരം ചെയ്തു വർദ്ധിപ്പിക്കുവാനുള്ള 'സമയം' ഏവർക്കും സമമായിരുന്നു. ഏറ്റവും കൂടുതൽ താലന്തു കിട്ടിയവന് ഏറ്റവും അധികം വർധിപ്പിക്കാൻ കിട്ടിയ സമയം കുറവെങ്കിലും അവൻ അത് വർധിപ്പിച്ചു. എന്നാൽ, ഏറ്റവും കുറഞ്ഞ താലന്തു കിട്ടിയവന് അത് വർധിപ്പിക്കാൻ സമയം കൂടുതൽ കിട്ടിയെങ്കിലും അലസത നിമിത്തം തന്റെ അവസരങ്ങൾക്ക് താൻതന്നെ വിലങ്ങുതടിയായി. യജമാനൻ വന്നപ്പോൾ 'ദുഷ്ടദാസൻ' എന്ന് വിളിക്കുകയും തന്റെ കൈയിലുള്ള താലന്തെടുത്തു കൂടുതൽ വർദ്ധിപ്പിച്ച ദാസനു കൊടുക്കുകയും ചെയ്തു.

'ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തു കളയും' എന്നതിൽ 'ഇല്ലാത്തവൻ' എന്ന് ഇവിടെ അർത്ഥമാക്കുന്നത്; താലന്തു വ്യാപാരം ചെയ്തു വർധിപ്പിക്കാത്തവൻ എന്നുവേണം മനസിലാക്കാൻ. ഇല്ലത്തവനിൽ 'ലാഭം' (PROFIT) ഇല്ലെങ്കിലും യജമാനൻ കൊടുത്ത മൂലധനം ഉണ്ട്, ആ മൂലധനം (താലന്തു) കൂടുതൽ വ്യാപാരം ചെയ്തവന് (ഉള്ളവൻ) കൊടുക്കപ്പെടും.

വിളിക്ക് കത്തിച്ചു പറയിൻ കീഴിലോ, കട്ടിൽകീഴിലോ വെക്കുവാനുള്ളതല്ല, അത് തണ്ടിന്മേൽ വെക്കുവാനുള്ളതാണ്. നമുക്ക് കിട്ടിയ താലന്തിനെ ആത്മീയവ്യാപാരം നടത്തി സ്വർഗ്ഗരാജ്യത്തിങ്കലേക്ക് അനേകരെ നേടുവാനുള്ളതാണ്.

സ്വർഗസ്ഥനായ യജമാനൻ അവനവന്റെ പ്രാപ്തിക്കൊത്തവണ്ണം ഏൽപ്പിച്ച താലന്തുകൾ, പരിശുദ്ധ ആത്മാവിന്റെ കൃപാവരങ്ങൾ, സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം കുഴിച്ചിട്ടും, മറച്ചുവെച്ചുമിരിക്കുന്ന 'ഇല്ലാത്തവൻ സൂക്ഷിക്കുക' !!

ദൈവത്തിന്റെ വേല ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാണ്. പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ പ്രാർഥിക്കുവിൻ എന്നു കൽപ്പിച്ചു. മടങ്ങിവന്നപ്പോൾ ഉറങ്ങുന്ന ശിഷ്യരെ കണ്ടിട്ട് ഗുരു ചോദിക്കുന്നു, 'നിങ്ങൾ ഉറങ്ങുന്നത് എന്ത്?'

ദൈവിക ദൗത്യത്തിൽ ഉദാസീനന്മാരായി ജഡികതയെ മറച്ചുവച്ച് ആത്മീയന്റെ പ്രച്ഛന്നവേഷം കെട്ടി കൊണ്ടുള്ള പ്രഹസനങ്ങളുമായി നവയുഗ സഭയിൽ നിദ്രരോഗം ബാധിച്ച കുംഭകർണ്ണന്മാരോട് ദൈവം ചോദിക്കുന്നു 'നിങ്ങൾ ഉറങ്ങുന്നത് എന്ത്?'

നിദ്ര വെടിഞ്ഞു ഉണർന്നും യജമാനൻ ഏല്പിച്ച താലന്തു വർദ്ധിപ്പിച്ചും ദൈവരാജ്യത്തിന്റെ വേലക്കായി ഉത്സാഹിക്കാം. നമ്മുടെ യജമാനൻ താമസംവിന വരാറായി, നമ്മുടെ കൈയിലുള്ള വർധിപ്പിച്ച താലന്തുകൾ യജമാനനു കൊടുത്തിട്ട് 'നല്ല ദാസനെ...' എന്ന വിളി കേൾക്കുവാനായി നമുക്കൊരുങ്ങാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ!



# പെർസിക്ക്യൂഷൻ റിലീഫ് പ്രവർത്തകർ എ.ജി. മലയാളം ഡിസ്ട്രിക്ട് കൺവൻഷനിൽ

പുനലൂർ: ഭാരതത്തിൽ ക്രിസ്തു നാമം നിമിത്തം പീഡിപ്പിക്കപ്പെടുന്നവരുടെ ആശ്വാസത്തിനും വിടുതലിനും വേണ്ടി ദൈവനാമ പ്രേരണയാൽ തുടക്കംകുറിച്ച് ഇതിനോടകം എണ്ണമറ്റ ഇടങ്ങളിൽ അനേകർക്ക് ആശ്വാസവും തണലുമായി തീർന്ന പെർസിക്ക്യൂഷൻ റിലീഫ് എന്ന സംഘടന കുമ്പനാട് തുടങ്ങിയ സഭാസംഘടനകളുടെ മഹായോഗ വേദികളിൽ സാക്ഷ്യം വഹിക്കുകയും അനേകർക്ക് ആത്മധൈര്യം പകരുകയും ചെയ്തിട്ടുണ്ട്. ഇത്തവണ എ.ജി മലയാളം ഡിസ്ട്രിക്ട് കൺവൻഷനിൽ 20-ാ തീയതി രാത്രിയിൽ അരമണിക്കൂറിൽ അധികം സമയം കർതൃനാമം നിമിത്തം കൊലചെയ്യപ്പെട്ട യൊഹാൻമാരിയായുടെ ഭാര്യ ഉൾപ്പെടെ അനേകരെ ഉൾപ്പെടുത്തി നടത്തിയ മീറ്റിംഗ് മലയാളി മനസ്സിൽ മറക്കാൻ കഴിയാത്ത അനുഭവമായി മാറി. നിറകണ്ണുകളോടെയാണ് വന്നുകൂടിയ ജനാവലി ഈ ആത്മീക മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചത്. സുവിശേഷ മഹായോഗത്തിന് പങ്കെടുത്തവരുടെ മുമ്പിൽ സാക്ഷ്യം വഹിച്ചത് പീഡിപ്പിക്കപ്പെട്ടവരുടെ കുടുംബത്തിന് ആത്മധൈര്യം പകർന്ന് നൽകി. ഇത്തരത്തിൽ പ്രധാനപ്പെട്ട സമയം അനുവദിച്ചതിന് സൂപ്രണ്ട് പാസ്റ്റർ റ്റി.ജെ ശമുവേലിനോടും അസി.സൂപ്രണ്ട് പാസ്റ്റർ പി.എസ് ഫിലിപ്പിനോടും മുഴുവൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഈ യോഗം തൽസമയം സംപ്രേഷണം ചെയ്ത ഹാർവെസ്റ്റ് മീഡിയായ്ക്കും പെർസിക്യൂഷന്റെ ഫൗണ്ടർ പ്രസിഡന്റ് സുവി.ഷിബു തോമസ് നന്ദി അറിയിച്ചു. പ്രതികൂലം മാറാൻ അല്ല അതിൽ ആത്മധൈര്യത്തോടെ നിലകൊള്ളാൻ ദൈവജനം പ്രവർത്തിക്കണം എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. പെർസിക്ക്യൂഷൻ ഇന്ത്യാകോർഡിനേറ്റർ തോംസൺ തോമസ്, പാ.ഷാജി, പാ.സാബു എന്നിവർ പെർസിക്ക്യൂഷൻ ഫൗണ്ടർ സുവി. ഷിബു തോമസിനോടൊപ്പം പങ്കെടുത്തു.

# അടൂർ സെന്റർ കൺവൻഷൻ

അടൂർ: ഐ.പി.സി അടൂർ വെസ്റ്റ് സെന്റർ വാർഷിക കൺവൻഷൻ 2017 ഫെബ്രുവരി 1 മുതൽ 5 വരെ കടമ്പനാട് ഐ.പി.സി ഹെബ്രോൺ ഗ്രൗണ്ടിൽ നടക്കും. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റ്റി.ഡി ബാബു, എബി ഏബ്രഹാം, സണ്ണി കുര്യൻ, ഫിലിപ്പ് പി. തോമസ്, സാംജോർജ്, ജോൺസൺ ദാനിയേൽ, ഡോ. ജോയി ജോസഫ് എന്നിവർ പ്രസംഗിക്കും. സെന്റർ കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീസമാജം വാർഷിക യോഗങ്ങൾ കൺവൻഷനോടനുബന്ധിച്ച് നടക്കും. പാസ്റ്റർമാരായ തോമസ് ജോസഫ്, ഏ.സി. ജോസ്, ബിജുകോശി, സാജൻ ഈശോ, മാർക്ക് എൻ തങ്കച്ചൻ, സഹോദരന്മാരായ ജോസ് പുതുമല, അലക്സാണ്ടർ. എ എന്നിവർ നേതൃത്വം നൽകും.

# ഭാരവാഹികൾ

പത്തനംതിട്ട: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട-പുനലൂർ റീജിയൻ സഹോദരി സമാജം ഭാരവാഹികളായി സിസ്റ്റർ ജോളി തോമസ് (പ്രസിഡന്റ്), സിസ്റ്റർ ഗ്രേസി തോമസ്, സിസ്റ്റർ മറിയാമ്മ യോഹന്നാൻ (വൈസ് പ്രസിഡന്റുമാർ), സിസ്റ്റർ ശാരോൻ ബിജു (സെക്രട്ടറി), സിസ്റ്റർ ലിസി യോഹന്നാൻ (ജോ. സെക്രട്ടറി), സിസ്റ്റർ ഷൈനി റെജി (ട്രഷറർ) തുടങ്ങിയവരെ തെരഞ്ഞെടുത്തു.

പത്തനംതിട്ട: സിഇഎം പത്തനംതിട്ട-പുനലൂർ റീജിയൻ ഭാരവാഹികളായി പാസ്റ്റർ ജി. ജോസ് (പ്രസിഡന്റ്), പാസ്റ്റർ സുജിത് ജോർജ് (വൈസ് പ്രസിഡണ്ട് ), പാസ്റ്റർ എ.വി. തോമസ് (സെക്രട്ടറി), ജിജോ എ അനിയൻ (ജോ. സെക്രട്ടറി), പ്രിൻസ് റോയ് (ട്രഷറർ) പാസ്റ്റർ എം.ജി. മോനച്ചൻ (ടാലന്റ് സെക്രട്ടറി), ബിനു തങ്കച്ചൻ, പാസ്റ്റർ ഷാജൻ കുര്യൻ, പാസ്റ്റർ വർഗീസ് സാമുവേൽ (അംഗങ്ങൾ)തുടങ്ങിയവരെ തെരഞ്ഞെടുത്തു.

## ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻ

കീഴില്ലം: പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻ ജനുവരി 31, ഫെബ്രുവരി 1, 2 എന്നീ തിയതികളിൽ സെമിനാരി ഗ്രൗണ്ടിൽ നടത്തപ്പെടും. അഭിഷിക്ത ദൈവദാസന്മാർ വചനത്തിൽ നിന്നും സംസാരിക്കുന്നു.

## പൂർവ്വ വിദ്യാർത്ഥി സമ്മേളനം

കീഴില്ലം:പെനിയേൽ ബൈബിൾ സെമിനാരിയുടെ പൂർവ്വ വിദ്യാർത്ഥി സമ്മേളനം ഫെബ്രുവരി 3നവൈകിട്ട് 4 മണിക്ക് സെമിനാരി ഓഡിറ്റോറിയത്തിൽ നടത്തപ്പെടും.

## പെനിയേൽ സെമിനാരി ഗ്രാജുവേഷൻ

കീഴില്ലം: പെനിയേൽ സെമിനാരിയുടെ 34മത് ബാച്ചിന്റെ ഗ്രാജുവേഷൻ ഫെബ്രുവരി 4 ന് രാവിലെ 9.30യക്ക് നടത്തപ്പെടും. സ്ഥാപക പ്രസിഡൻറ് ഡോ. സി.പി. വർഗ്ഗീസ്സർട്ടിഫിക്കറ്റുകൾ നൽകുന്നു.

# ഡോക്ടറേറ്റ് ലഭിച്ചു



കൊല്ലകടവ്: ഏ.ജി. സഭാംഗവും അസംബ്ലീസ് ഓഫ് ഗോഡിലെ ഒരു ഓർഡയിന്റ് ശുശ്രൂഷകനുമായ പാസ്റ്റർ സന്തോഷ് ജോണിന് ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ കാത്തലിക് സെമിനാരിയിൽ നിന്നും പിഎച്ച്ഡി ലഭിച്ചു. വിവാഹത്തിലെ ആത്മീയത: കേരളത്തിലെ പെന്തകോസ്തു ക്രൈസ്തവരുടെ ഇടയിൽ വിവാഹപൂർവ്വ കൗൺസലിംഗിനുള്ള പ്രാധാന്യതയെപറ്റിയുള്ള ഒരു ഇടയന്റെ പഠനം എന്ന വിഷയത്തിൽ പ്രബന്ധം സമർപ്പിച്ച പാസ്റ്റർ സന്തോഷ് ജോൺ തിരുവനന്തപുരം അസംബ്ലീസ് ഓഫ് ഗോഡിന്റെ ബഥനി ബൈബിൾ കോളേജിലെ പ്രിൻസിപ്പാളും പുനലൂരുള്ള ബഥേൽ ബൈബിൾ കോളേജിലെ പാർടൈം അദ്ധ്യാപകനുമാണ്. ഭാര്യ: ബ്ലസ്സ് സന്തോഷ് ജോൺ, മക്കൾ: സജു ജോൺ, ബ്ലസൻ ജോൺ. ഇ.റ്റി. ജോണിന്റെയും പരേതയായ പെർസീസ് ജോണിന്റെയും മകനാണ്.

# '3 ഡേ' വിബിഎസ് സിലബസ് പ്രസിദ്ധീകരിച്ചു

വെക്കേഷൻ സിലബസുകളുടെ ചരിത്രത്തിലാദ്യമായി 3 ദിനങ്ങൾ മാത്രം നീണ്ടു നിൽക്കുന്ന ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബി എസ് സിലബസ് പ്രസിദ്ധീകരിച്ചു. കുട്ടികളുടെയും കൗമാരക്കാരുടേയും സമഗ്രവികാസത്തിനായി യത്നിക്കുന്ന ട്രാൻസ്ഫോമേഴ്സ് ആണ് 3 ഡേ വിബിഎസിനു പിന്നിൽ. ഇന്നു വരെ വിബിഎസ് നടത്തിയിട്ടില്ലാത്ത ലോക്കൽ സഭകളെയാണ് 3 ഡേ വിബിഎസിലൂടെ ട്രാൻസ്ഫോമേഴ്സ് ലക്ഷ്യമിടുന്നത്. മൂന്നു ദിനങ്ങൾ മാത്രം നീണ്ടു നിൽക്കുന്ന ട്രാൻസ്ഫോമേഴ്സ് 3 ഡേ വിബിഎസ് സംഘടിപ്പിക്കാൻ കുറച്ചു മാത്രം അദ്ധ്യാപകർ മതിയാകും. പത്തു കുട്ടികൾ മാത്രമുള്ള ചെറിയ സഭകൾക്കും സംഘടിപ്പിക്കാമെന്നത് ട്രാൻസ്ഫോമേഴ്സ് 3 ഡേ വിബിഎസിനെ ജനപ്രിയമാക്കുന്നു.

ആദ്യമായി വിബിഎസ് സംഘടിപ്പിക്കുന്ന സഭകൾക്കും പുതിയ അദ്ധ്യാപകർക്കും കൈകാര്യം ചെയ്യത്തക്കനിലയിൽ വളരെ ലളിതമാണ് ട്രാൻസ്ഫോമേഴ്സ് 3 ഡേ വിബിഎസ് സിലബസ്. തികച്ചും ആകർഷകവും വ്യത്യസ്തവുമായ പ്രോഗ്രാമുകളാണ് ട്രാൻസ്ഫോമേഴ്സ് 3 ഡേ വിബിഎസ് മുമ്പോട്ട്വെയ്ക്കുന്നത്. ഒപ്പം മിനിമം പാഠ്യസാമഗ്രികൾ സിലബസ് ചെലവ് കുറയ്ക്കുന്നതിന് സഹായിക്കുന്നു. വീണ്ടും വീണ്ടും പഠന സാമഗ്രികൾ വാങ്ങേണ്ട ആവശ്യം വരാതെ ആവശ്യാനുസരണം പ്രിന്റുകൾ എടുത്തുപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ട്രാൻസ്ഫോമേഴ്സ് 3 ഡേ വിബിഎസ് സിലബസ് നൽകുന്നു

മലയാളം കൂടാതെ ഇംഗ്ലീഷ്, ഹിന്ദി, കന്നട, തമിഴ് ഭാഷകളിലും ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബിഎസ് സിലബസ് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9846797909, 9447454617.

# ഏജി മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ

(1-ാം പേജ് തുടർച്ച)

രാജൻ തോമസ്, ജോൺസൺ കെ.ജോർജ്, സഹോദരന്മാരായ ഷാജൻ ജോൺ ഇടയ്ക്കാട്, യബ്ബേസ് ചെറിയാൻ, പി.വി അലക്സാണ്ടർ തുടങ്ങിയവർ സന്ദേശങ്ങൾ നൽകി.

പാസ്റ്റർമാരായ ടി.കെ. കോശി വൈദ്യൻ, രവി മണി, പാപ്പി മത്തായി, സാബു കെ. വർഗീസ്, പി.എസ് ഫിലിപ്പ്, ടി.ജെ. സാമുവൽ എന്നിവർ മുഖ്യ സന്ദേശം നൽകി.

പൂർണസമയ ശുശ്രൂഷയ്ക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട നാൽപത്തിമൂന്ന് പേർക്ക് ഓർഡിനേഷൻ നൽകി. ശനി രാവിലെ ഒൻപതുമുതൽ സണ്ടേസ്കൂൾ വാർഷിക സമ്മേളനം നടന്നു. ഡയറക്ടർ സുനിൽ പി. വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ബഥേൽ ബൈബിൾ കോളേജ് അധ്യാപകൻ പാസ്റ്റർ ഡി. മാത്യൂസ് മുഖ്യ സന്ദേശം നൽകി.

ഉച്ചയ്ക്ക് രണ്ടിന് നടന്ന സി.എ. വാർഷിക സമ്മേളനത്തിൽ പ്രസിഡന്റ് പാസ്റ്റർ റോയ്സൺ ജോണിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ഷിബു സാമുവൽ മുഖ്യപ്രഭാഷണം നടത്തി.

ഷാജൻ ജോൺ ഇടയ്ക്കാട്
(മീഡിയാ കൺവീനർ)




# പിസിഐ യൂത്ത വിങ് ആരംഭിക്കുന്നു

കോട്ടയം: പെന്തെക്കോസ്തു സഭകളുടെ സംയുക്ത വേദിയായ പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ (പിസിഐ) യുവജനവിഭാഗം പ്രവർത്തനം ആരംഭിക്കുന്നു. പെന്തെക്കോസ്തൽ യൂത്ത് കൗൺസിൽ (പിവൈസി) എന്നാണ് യുവജനവിഭാഗത്തിനു നാമകരണം ചെയ്തിരിക്കുന്നത്. മുഖ്യധാരാ പെന്തെക്കോസ്തു സഭയുടെയും യുവജന സംഘടനകളുടെയും സഹകരണത്തോടെയാണ് പിവൈസി പ്രവർത്തനം നടക്കുക.

പിവൈസിയുടെ പ്രവർത്തന ഉദ്ഘാടനം ഫെബ്രുവരി 14 ന് തിരുവല്ല വൈഎംസിഎ ഹാളിൽ നടക്കുന്നതാണ്. സമ്മേളനത്തോട് അനുബന്ധിച്ചു ഭാരവാഹികൾ ചുമതല എൽക്കുകയും ചെയ്യുന്നതാണ്. എല്ലാ പെന്തെക്കോസ്തു സഭാ നേതാക്കന്മാരും യുവജന നേതാക്കളും ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: 9400574709, 9961754528

# ഐ.പി.സി പാസ്റ്റേഴ്സ് കുടുംബ സംഗമം

ആയൂർ: കളങ്കമില്ലാത്ത വിശ്വാസത്താൽ ദൈവകൃപയുടെ നന്മകളെ അനുഭവിക്കുവാൻ കഴിയുമെന്ന് ഐ.പി.സി ആയൂർ ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ വർഗീസ് മത്തായി പറഞ്ഞു. ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തെ അടുത്തറിയാനും ദൈവീക നന്മകളെ അനുഭവിക്കാനുമുള്ള മനുഷ്യന്റെ ആറാമത്തെ ഇന്ദ്രിയമാണ് വിശ്വാസം. ദൈവത്തെ വിശ്വസിക്കുന്നവർ പൂർണമായി ,നിർവ്യാജമായി വിശ്വസിക്കണം പാസ്റ്റർ വർഗീസ് മത്തായി തുടർന്നു പറഞ്ഞു.

വയ്ക്കൽ ഐ.പി.സി. ഗിൽഹാൽ ഹാളിൽ പാസ്റ്റർ പി.ഐ ഏബ്രാഹാമിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാസ്റ്റർ ആന്റണി ചാക്കോ പ്രസംഗിച്ചു.



## ഒന്നാം റാങ്ക് ലഭിച്ചു

വയനാട്: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നും എം.എസ്.സി. പോളിമർ കെമിസ്ട്രിയിൽ പെന്തെക്കോസ്തു വിശ്വാസിനിക്ക് ഒന്നാം റാങ്കിന്റെ തിളക്കം. ബത്തേരി കുപ്പാടി തൈനിൽക്കുന്നതിൽ ഏബ്രഹാം വർഗീസിന്റെയും റെജീനയുടേയും മകൾ ഹെബ്സിബ മരിയ ഏബ്രഹാം (കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട) ആണ് വയനാടിന്റെ അഭിമാനമായി റാങ്ക് ജേതാവായത്. സുൽത്താൻ ബത്തേരി ബഥേൽ ഗോസ്പൽ അസ്സംബ്ലി സഭാംഗമാണ് ഈ കുടുംബം.

## ഉപവാസപ്രാർത്ഥന

മാവേലിക്കര: പരിമണം തട്ടാരമ്പലം ശാരോൻ ഫെല്ലോഷിപ് ചർചിന്റെ ഉപവാസ പ്രാർത്ഥന ഡിസംബർ 2931 വരെ നടന്നു. പാസ്റ്റർമാരായ ജോൺസി റാന്നി, ബിജു ഡൊമിനിക്, റോബിൻ എബ്രഹാം, ബ്ലെസ്സൺ ചെറിയനാട് തുടങ്ങിയവർ പ്രസംഗിച്ചു. ഒരാൾ സ്നാനമേറ്റു.പാസ്റ്റർ ജെ പി വെണ്ണിക്കുളം നേതൃത്വം നൽകി.

## ഭാരവാഹികൾ

മാവേലിക്കര: സിഇഎം ചെങ്ങന്നൂർ മാവേലിക്കര റീജിയൻ ഭാരവാഹികളായി പാസ്റ്റർ ജോർജ് വർഗീസ് (പ്രസിഡന്റ്), പാസ്റ്റർ സജു പുന്നൂസ് (വൈസ് പ്രസിഡണ്ട് ), പാസ്റ്റർ സോവി മാത്യു (സെക്രട്ടറി), പാസ്റ്റർ ബിജു തോമസ് (ജോ. സെക്രട്ടറി), ദീപക് (ട്രഷറർ) പാസ്റ്റർ ജെ.പി. വെണ്ണിക്കുളം (ടാലന്റ് സെക്രട്ടറി) തുടങ്ങിയവരെ തെരഞ്ഞെടുത്തു.



ജോയ് നെടുങ്കുന്നം

# കാശിക്കുപോയ കൂട്ടുകാർ

മണ്ണാകട്ടയും കരിയിലയും കാശിക്കുപോയി...

അവർ ഇരുവരും ഒന്നിച്ചുനടന്നു. നടന്നുനടന്ന് ഒരു സ്ഥലത്തെത്തിയപ്പോൾ അല്പസമയം സംസാരിച്ചിരുന്നു. അപ്പോഴതാ അപ്രതീക്ഷിതമായി ഒരു കൊടുങ്കാറ്റ്! മണ്ണാങ്കട്ട കരിയിലയുടെ പുറത്തുകയറി ഇരുന്ന് പറന്നുപോകാതെ രക്ഷിച്ചു.

അവർ വീണ്ടും സന്തോഷത്തോടെ യാത്ര തുടർന്നു. കുറച്ചുദൂരം യാത്രചെയ്തപ്പോൾ അതാ ഒരു പെരുമഴ. പ്രത്യുപകാരം ചെയ്യണമല്ലോ? മഴതീരുന്നതുവരെ കരിയില മണ്ണാങ്കട്ട കുതിർന്നുപോകാതെ രക്ഷിച്ചു. ഇനി ആരെ പേടിക്കാൻ, രണ്ടുപേരും പരസ്പരം സഹായിക്കാൻ സന്നദ്ധരായിരുന്നു. ഒരുപാടു മധുരസ്വപ്നങ്ങളൊക്കെ കണ്ട് അവർ വീണ്ടും യാത്രയായി. ഭാവിപരിപാടികളെക്കുറിച്ചുള്ള രൂപരേഖ തയ്യാറാക്കി വീണ്ടും ഉന്മേഷത്തോടെ യാത്രതുടർന്നു. അധികം താമസിച്ചില്ല, ആകാശത്തു കാർമേഘം ഉരുണ്ടുകൂടി. ഇപ്രാവശ്യം പെരുമഴയും കൊടുങ്കാറ്റും ഒരുമിച്ചായിരുന്നു. ആർക്കും ഒന്നുംചെയ്യാൻ കഴിഞ്ഞില്ല. മണ്ണാങ്കട്ട കുതിർന്ന് മണ്ണിൽ ലയിച്ചുചേർന്നു. കരിയില എവിടെയോ പറന്നുപോയി.

അധികാരത്തിന്റെ സിരാകേന്ദ്രങ്ങളിൽ പലപ്പോഴും മണ്ണാങ്കട്ടയും കരിയിലയും ഒരുമിച്ചാണ്. പരസ്പരം സഹായിച്ചും പങ്കുവെച്ചും കലഹിച്ചും ഭീഷണിപ്പെടുത്തിയും വിലപേശിയും യാത്ര തുടരുകയാണ്. ഒരാളുടെ തെറ്റ് മറ്റെയാൾ മറച്ചുപിടിക്കുന്നു. മഴയിൽ കുതിരാതെയും കൊടുങ്കാറ്റിൽ പറന്നുപോകാതെയും നിനക്കെതിരെയുള്ള തെളിവുകൾ എന്റെ കൈയിലുണ്ടെന്നും വിഡിയോ ക്ലിപ്പുകളും വോയ്സ് ക്ലിപ്പുകളും പരസ്പരം കാണിച്ച് ഭീഷണിപ്പെടുത്തിയും അവിഹിത കൂട്ടുകെട്ടുകളും അപധസഞ്ചാരത്തിന്റെ ദുർഗന്ധം വമിക്കുന്ന കഥകളും! കുറേനാളുകളൊക്കെ ഇങ്ങനെ പോകാം. അതു കേരള രാഷ്ട്രീയത്തിലായാലും പെന്തെക്കോസ്തു രാഷ്ട്രീയത്തിലായാലും. അധികാരികൾ ചെയ്യുന്ന കൊള്ളരുതായ്മകൾ അവർ പരസ്പരം മൂടിവയ്ക്കുന്നു. പരസ്പര ധാരണയുടെ പുറത്ത് യാത്രതുടരുകയാണ്. ഒരാൾ മറ്റൊരാളെ തൽക്കാലത്തേക്കു സഹായിക്കുന്നു. മണ്ടന്മാർ, മരമണ്ടന്മാർ അറിയുന്നില്ല ഒരു പേമാരിയും കൊടുങ്കാറ്റും ഒരുമിച്ചു വരുമെന്ന്. ആർക്കും തടഞ്ഞുനിർത്താൻ കഴിയാത്ത ഒരുദിവസം - എല്ലാം കൈവിട്ടുപോകുന്ന നിമിഷം- കാശിക്കുപോയ മണ്ണാങ്കട്ടയുടെയും കരിയിലയുടെയും കഥപോലെ.

ലൂക്കൊസ് 12 ന്റെ രണ്ടു മുതലുള്ള വാക്യങ്ങളിൽ, "മൂടിവച്ചതൊക്കെയും വെളിച്ചത്തുവരാതെയും ശുദ്ധമായതൊന്നും അറിയാതെയും ഇരിക്കയില്ല. ആകയാൽ നിങ്ങൾ ഇരുട്ടത്തു പറഞ്ഞതെല്ലാം വെളിച്ചത്തു കേൾക്കും, അറയിൽവെച്ച് ചെവിയിൽ മന്ത്രിച്ചത് പുരമുകളിൽ ഘോഷിക്കും." ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു. ഭയത്തോടെ, വിറയലോടെ, പാപത്തോടു മൃദുസമീപനം സ്വീകരിക്കാതെ സ്വർഗീയനാടിനെ ലക്ഷ്യമാക്കി യാത്രതുടരാം. നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കാൻ സൂക്ഷിച്ചുകൊള്ളട്ടെ!

# 4–14 വിൻഡോ കേരളാ സമ്മിറ്റ്

തിരുവല്ലാ: തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 4 ശനിയാഴ്ച രാവിലെ 9.45 മുതൽ 12.30 വരെ തിരുവല്ല തോംസൺ ഫുഡ്മാളിൽ വച്ച് 4-14 വിൻഡോ മൂവ്മെന്റ് കേരളാ സമ്മിറ്റ് നടക്കും. നാലു മുതൽ പതിനാല് വയസു വരെ പ്രായമുള്ള കുട്ടികളുടെ സമഗ്രവളർച്ചയ്ക്കായി യത്നിക്കുന്ന അന്താരാഷ്ട്ര മൂവ്മെന്റായ 4-14 വിൻഡോയുടെ കേരള സംസ്ഥാന സമ്മേളനത്തിന് വേദിയൊരുക്കുന്നത് തിമഥി ഇൻസ്റ്റിറ്റ്യൂട്ടാണ്. കേരളത്തിലെ സഭാനേതൃത്വത്തെയും യുവജനസണ്ടേസ്കൂൾ ബാലസുവിശേഷീകരണ പ്രവർത്തനത്തിലായിരിക്കുന്ന ലീഡേഴ്സിനു വേണ്ടിയാണ് പ്രസ്തുത സമ്മേളനം നടക്കുന്നത്.

പവർവിഷൻ ചെയർമാൻ പാസ്റ്റർ കെ.സി. ജോൺ സമ്മേളനം ഉദ്ഘാടനം ചെയ്യും. 4-14 വിൻഡോ മൂവ്മെന്റിന്റെ ദേശീയ പ്രതിനിധികൾ പങ്കെടുക്കുന്ന മീറ്റിങ്ങിൽ ഡോ. പി.ആർ.ഡി. പ്രഭു (ബാംഗ്ലൂർ) 4-14 വിൻഡോയെ പരിചയപ്പെടുത്തുന്നതോടൊപ്പം കുട്ടികളുടെ ഇടയിൽ നടക്കുന്ന ശുശ്രൂഷയിൽ ക്രിസ്തീയ സഭകളുടെ വിശാല ഐക്യപ്രവർത്തനം സാധ്യമാകുമെന്നതിനെക്കുറിച്ച് ചർച്ചാവേദിയൊരുക്കും. കൂടുതൽ വിവരങ്ങൾക്ക് 9656217909

# ഇനി ഉറങ്ങിയും മധുരപ്രിയം കുറയ്ക്കാം

ഭക്ഷണമേശയിലോ ബേക്കറികളിലെ ചില്ലലമാരകളിലോ മധുരപലഹാരങ്ങൾ കാണുമ്പോൾ വായിൽ വെള്ളമൂറുന്നവരാണ് ഏറെപ്പേരും. എന്നാൽ, ശരിയായി ഉറങ്ങാത്തതാണ് ഇത്തരത്തിൽ മധുരപലഹാരങ്ങളോടുള്ള ആർത്തിക്കു കാരണമെന്നാണ് ജപ്പാനിലെ തുസുബ യൂണിവേഴ്സിറ്റിയിലെ ഗവേഷകരുടെ കണ്ടെത്തൽ.

ഉറക്കക്കുറവിനെത്തുടർന്ന് കണ്ണുകൾ തുടരെ ഇമ ചിമ്മുന്നതാണ് ഈ അനാരോഗ്യകരമായ ഭക്ഷണപ്രിയത്തിനു കാരണമെന്നു പഠനത്തിനു നേതൃത്വം നൽകിയ ക്രിസ്റ്റഫർ മെക്കോണിന്റെ കണ്ടെത്തൽ. മധുര-എണ്ണ പലഹാരങ്ങളോടായിരിക്കും ഇവർക്ക് കൂടുതൽ പ്രിയം. ഉറക്കം കുറയുമ്പോൾ തലച്ചോറ ഇലെ, മനസ്സിനെ നിയന്ത്രിക്കുന്ന ഭാഗത്തുണ്ടാകുന്ന ചില പ്രത്യേക മാറ്റങ്ങളാണ് ഇതിനിടയാക്കുന്നതെന്നാണ് പഠനസംഘത്തിന്റെ കണ്ടെത്തൽ.

എലികളെ ഉറങ്ങാനനുവദിക്കാതെ നടത്തിയ പഠനത്തിലാണ് ക്രിസ്റ്റഫറും സഹപ്രവർത്തകരും ഈ നിഗമനത്തിലെത്തിയിരിക്കുന്നത്.

ആരോഗ്യകരമായ ഉറക്കശീലം വളർത്തിയെടുത്താൽ അമിതമായ മധുരപ്രിയത്തെ മനസിന്റെ നിയന്ത്രണത്തിലാക്കാമെന്നാണു പഠനസംഘത്തിന്റെ കണ്ടെത്തൽ.



THUSHARA
Tiles & Granites
Near old Fire Station, Arumurikkada, Kundra
Spaniso, Vrundavan, Nenno, Johnson, Somany, Kajaria, Marbonite, Nitco, Asain, City, Sonora, Marbito തുടങ്ങിയ കമ്പനികളുടെ authorised dealer.
വെർട്ടിഫൈഡ് ടൈലുകളുടെ വൻശേഖരം
ഹോൾസെയിൽ വിലയ്ക്കു ലഭിക്കുന്ന ഒരു വിശ്വസ്ത സ്ഥാപനം
Phone Shope: 0474-2580191, 9249121338
O.P. Xavier 9562972336, Nishandh 9846832956, Anikkuttan 9847684821

VISITING VISA
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.
GLOBAL CARE
Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281

# CHRISTIAN WORLD

വില ₹ 10/- Vol: 12 Issue No: 2 2017 FEBRUARY 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ



Address
Christian World, Alummoodu
P.O., Kollam - 691 577, Kerala
Email: christianworld2006@gmail.com



REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM


# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷന് അനുഗ്രഹ സമാപ്തി

**തിരുവല്ല:** നാം ലോകത്തോടും ദൈവത്തോടും സമൂഹത്തോടും സഹജീവികളോടും നന്ദിയുള്ളവരാകണമെന്നും ദൈവം നമ്മെ ഭരമേല്പിച്ച ദൗത്യ നിർവ്വഹണം നാം അതിവസിക്കുന്ന രാജ്യത്തിന്റെ നന്മയ്ക്കും ശുഭതയ്ക്കും വേണ്ടി ശാരീരികവും മാനസീകവും ആത്മീകവുമായ ആരോഗ്യദൃഢഗാത്രരായ ഒരു സംഘം ജനതയെ വാർത്തെടുക്കുന്നതിനും ഉതകണമെന്നും, ദൈവം നമുക്ക് നൽകി തരുന്ന ശുഭതകളെ വിമർശനാത്മക മനോഭാവത്തോടെയല്ല ക്രീയാത്മകമായ മനോഭാവത്തോടെ സ്വീകരിച്ച് അതിന് നന്ദിയുള്ളവരായി തീരണമെന്നും റവ സി. സി തോമസ് ഉദ്ബോധിപ്പിച്ചു. ചർച്ച് ഓഫ് ഗോഡ് സഭയുടെ തിരുവല്ല രാമൻച്ചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ നടന്നു വന്ന 94-ാമത് ജനറൽ കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നൽകുകുയായിരുന്നു അദ്ദേഹം.

23-ാം തീയതി തിങ്കളാഴ്ച 5.30 മുതൽ അസിസ്റ്റന്റ് പാസ്റ്റർ പി. ജി മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സ്റ്റേറ്റ് ഓവർയർ പാസ്റ്റർ സി. സി തോമസ് ഉദ്ഘാടനം ചെയ്ത് ആരംഭിച്ച ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു. തിരുവത്താഴ ശുശ്രുഷയ്ക്ക് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം. ഓ ഏലിയാസ് നേതൃത്വം നല്കി. പാസ്റ്റർമാരായ ജെ. ജോസഫ്, എം. കുഞ്ഞപ്പി, ജോർജ് മാത്യു പുതുപ്പള്ളി, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.



തിരുവല്ലായിൽ നടന്ന ചർച്ച് ഓഫ് ഗോഡ് സഭയുടെ സഭയുടെ ജനറൽ കൺവൻഷന്റെ സംയുക്ത സഭാ യോഗത്തിൽ സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം. ഓ ഏലിയാസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു. സ്റ്റേറ്റ് ഓവർസിയർ റവ. സി സി തോമസ്, സ്റ്റേറ്റ് സെക്രട്ടറി പാസറ്റർ ജെ ജോസഫ്, കർണാടാക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി തുടങ്ങിയവർ സമീപം.

ഒരാഴ്ചയായി നടന്നു വന്ന കൺവൻഷനിൽ പാസ്റ്റേഴ്സ് കോൺഫ്രൻസ്, ശുശ്രൂഷക സമ്മേളനം, പൊതു യോഗം, സഹോദരി സമ്മേളനം, ബൈബിൾ സ്കൂളിന്റെയും സെമിനാരിയുടെയും ബിരുധദാനം, പുത്രികാ സംഘടനകളായ സണ്ടേസ്കൂളിന്റെയും- വൈപിഇ യുടെയും സംയുക്ത സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം, സ്നാനം, ഉൺർവ്വുയോഗം എന്നിവ നടന്നുവെന്ന് മീഡിയ കൺവീനറുമാരായ പാസ്റ്റർമാരായ സാംകുട്ടി മാത്യുവും, ഷൈജു തോമസും അറിയിച്ചു. തികഞ്ഞ ആത്മീക അന്തരീക്ഷത്തിൽ അച്ചടക്കത്തോടും നടന്ന കൺവൻഷന്റെ പ്രാരംഭ ദിനം മുതൽ തന്നെ പരിശുദ്ധാത്മ സാന്നിധ്യം കൺവൻഷൻ പന്തലിൽ ദൃശ്യമായിരുന്നു. പാസ്റ്റർമാരായ, ജോൺ തോമസ്, സണ്ണി താഴാംപള്ളം, ഡോ. ഷിബു സാമുവേൽ, ഷിബു തോമസ്, ഡോ. ഷിബു കെ മാത്യു, വൈ. റെജി, വൈ. ജോസ്, ഷൈജു തോമസ് ഞാറയ്ക്കൽ, അനീഷ് ഏലപ്പാറ, റെജി ശാസ്താംകോട്ട, പി. ആർ ബേബി, കാനം അച്ചൻ, തോമസ്കുട്ടി ഏബ്രഹാം, ടി. എം. മാമച്ചൻ, ഏ റ്റി ജോസഫ്, ക്രിസ്റ്റഫർ റ്റി രാജു, പി. എ ജെറാൾഡ്, ജോൺസൻ ദാനിയേൽ, വി. എം മധു, സാജൻ മാത്യു, തോമസ് എം പുളിവേലിൽ, പി. സി ചെറിയാൻ, ബാബു ചെറിയാൻ, വിനോട് ജേക്കബ്ബ്, ഡോ. ഐസക് സൈമൺ, സജി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. റിട്ടയർ ആയ ശുശ്രൂഷകന്മാരെ യാത്ര അയപ്പ് നല്കി ആദരിച്ചു. കഴിഞ്ഞ എട്ടു വർഷമായി ദൈവസഭയുടെ അസിസ്റ്റന്റ് ഓവർസിയറായിരുന്ന പാസ്റ്റർ പി. ജി മാത്യൂസ് ആ സ്ഥാനത്തു നിന്നും വിരമിച്ചതിനാൽ അദ്ദേഹത്തെയും യാത്ര അയപ്പ് നല്കി ആദരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളി പെന്തക്കോസ്ത് വിശ്വാസികളുടെ പ്രബല വിഭാഗമായ ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവൻഷനാണ് എല്ലാ വർഷവും തിരുവല്ലായിൽ നടക്കുന്നത്. 172 രാജ്യങ്ങളിലായി പടർന്ന് പന്തലിച്ച് വിശാലമായി കിടക്കുന്ന ഈ പ്രസ്ഥാനം അതത് ഭാഷക്കാരുടെ ഇടയിൽ ശക്തമാണ്. ഈ സഭയ്ക്ക് മുന്നു ലക്ഷത്തിലധികം അംഗങ്ങൾ കേരളത്തിലുണ്ട്.










Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: JP Vennikulam